വേദപ്രചാരമദ്ധ്യസ്ഥൻ



Vedaprachara Madhyastan

Vol. 12 October No. 4

വിഷയവിവരണിക

1) ഇടയലേഖനം നമ്പർ 69
2) ആ ലോകൈകന്യായാധിപൻ ആരായിരിക്കണം?
3) ശീശ്മക്കാരുടെ മാനസാന്തരത്തിനുവേണ്ടി (ഗീതം)
4) നമ്മുടെ മദ്ധ്യസ്ഥൻ
5) ക്രിസ്തുരാജമംഗളം
6) ക. പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രാരംഭസജ്ജീകരണം
7) പരിപൂർണ്ണതാദർശം
8) ഫ്രഡറിക്കു് ഓസാനം
9) നിങ്ങൾക്കു പരിശുദ്ധാത്മാവിയോടു ഭക്തിയുണ്ടോ?
10) സി. എ. സി. പ്രതിനിധിസംഘം വാർഷികസമ്മേളനം
11) വേദപ്രചാരപൊന്തിഫിക്കൽസംഘം
12) ജപാപ്പസ്തോലസഖ്യം
13) അരമനവാർത്തകൾ
14) പരമവാർത്ത
15) പരസൃങ്ങൾ
16) പഞ്ചാംഗം

മാപ്പാപ്പാമംഗളം

(കെ. ജെ. മാത്യു കടക്കച്ചിറകുന്നേൽ വാകക്കാട്ടു്)

ജ്ഞാനസ്നാമളസുന്ദര വരംതാ—എന്ന മട്ടു്—ആദിതാളം

പോപ്പരാജനം പിയൂസ് ഭാഗ്യദർശൻ
നിണാൾവാണിടേണെ-നീണാൾ വാണിടേണെ.

1. ക്രിസ്തുവിൻ ദൃശ്യസഭയ്ക്കു വികാരി
സത്യസഭയ്ക്കു പരമാധികാരി
ദിവ്യഭൂവിതിൽ വിശിഷ്ടരോമയിൽ - നീണാൾ.

2. ഇക്ഷിതിവാസികൾക്കായ് വരപ്രദം
ക്രിസ്തുവിൽനിന്നൊരിഞ്ഞിട്ടും സൂരൻ
നിസ്തുലഭയോടിഭരാത്രിയിൽ - നീണാൾ.

3. പാർത്തലവാസികൾക്കാകെയാരാദ്ധ്യൻ
ക്രിസ്തുവിൻരാജ്യം ഭരിച്ചിട്ടുംരാജൻ
പാരതലിവകുലമൗലിയായിദം - നീണാൾ.



ചങ്ങനാശേരി മെത്രാനച്ചൻ തിരുമേനിയും

ഫാദർ മത്തേയോക്കുന്നേൽ അവർകളും.

വേദപ്രചാരമദ്ധ്യസ്ഥൻ.

പുസ്തകം 12] ഒക്ടോബർ 1939 [ലക്കം 4

No. 69.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഹ്ലാദത്താലും
ചങ്ങനാശേരി രൂപതയുടെ മെത്രാനായ നാം



കാളാട്ടേരിൽ ജയിംസ്

മെത്രാൻ

നമ്മുടെ അധികാരത്തിൻകീഴുള്ള പള്ളികളിലെ ഇടവികാർക്കും അസിസ്റ്റെന്തിമാർക്കും, ഇടവകപ്പട്ടക്കാർക്കും, സന്ന്യാസിമാർക്കും, കന്യാസ്ത്രീകൾക്കും, വിശ്വാസികൾക്കും ഏവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്ചയും.

"Vigilate et orate" ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ (മത്താ. 26-41)

വന്ദ്യസഹോദരന്മാരെ, സ്നേഹിക്കപ്പെട്ട മക്കളെ,

ലോകം മുഴുവൻ ഭയപ്പെട്ടിരുന്നതായ ആ അത്യാഹിതം, മനുഷ്യന്റെ സകല ശുഭപ്രതീക്ഷകളെയും അതിലംഘിച്ച്, ഇതാ വന്നുകഴിഞ്ഞു. നാശകരമായ ലോകമഹായുദ്ധം അസാധാരണമായ ക്രൂരതയോടുകൂടി ആരംഭിച്ചിരിക്കുന്നു. ഇതിന്റെ അനന്തരഫലങ്ങൾ എത്ര ഭയങ്കരങ്ങളാണ്. എത്രപേർ അകാലമരണത്തിന് ഇരയാകുന്നു! എത്ര ഭീമമായ ധനനഷ്ടം ഓരോ രാജ്യത്തിനും സംഭവിക്കുന്നു. നിരപരാധികളായ എത്ര ആളുകൾ ആശ്രയമറ്റവരായി കഷ്ടത സഹിക്കേണ്ടിവരുന്നു. എ

ത്രസ്സോരമായ ക്ഷാമമാണ് ഓരോ രാജ്യത്തും അനുഭവപ്പെട്ടുവാൻ പോകുന്നതു്! രാജ്യങ്ങളും തമ്മിലുള്ള ശത്രുതയും ഒന്നിനൊന്നിനു വർദ്ധിക്കുവാനും യുദ്ധം കാരണമാകുന്നു. ലോകത്തിന്റെ സ്ഥിതി ഭയാനകമായിരിക്കുന്നു.

സമാധാനം കൂടാതെയുള്ള ജീവിതം ഒരു ഭാരംതന്നെയാണ്. എന്നാൽ സമാധാനത്തിനുവേണ്ടി മനുഷ്യരെ ആശ്രയിച്ചതുകൊണ്ടു മാത്രം ഫലമുണ്ടാകയില്ല. ക്രിസ്തുവിന്റെ പ്രതിപുരുഷനായ XII-ാംപീയൂസ് മാപ്പാപ്പാതിരുമനസ്സുകൊണ്ടു്, ലോകത്തിൽ സമാധാനമുണ്ടാക്കുന്നതിനുവേണ്ടി, ദൈവത്തിന്റെ നാമത്തിൽ പുറപ്പെടുവിച്ച അഭ്യർത്ഥനകളെയും പൈതൃകമായ ഉപദേശങ്ങളെയും ലോകം അവഗണിച്ചുകളഞ്ഞു. എങ്കിലും സമാധാനത്തിനുള്ള വഴിതീരെ അടഞ്ഞിട്ടില്ല; ദൈവം അനന്തജ്ഞാനിയും കാരുണ്യവാരിധിയും ആണല്ലൊ. സമാധാനത്തിന്റെ രാജാവായ ഈശോയോടു് എളിമയോടുകൂടി പ്രാർത്ഥിക്കുകയാണ് നമുക്കു് ഓരോരുത്തർക്കും ഈ ഘട്ടത്തിൽ ചെയ്യാവുന്നതും ചെയ്യേണ്ടതും. അതുകയാൽ, മനുഷ്യവർഗ്ഗത്തിനു നേരിട്ടിരിക്കുന്ന ഈ അത്യാപത്തിൽനിന്നു് അവരെ രക്ഷിച്ചു്, തന്റെ അനുഗ്രഹവും സമാധാനവും അവർക്കു പ്രദാനം ചെയ്യുന്നതിനു് ഈശോയോടു് നാം ഉണർന്നിരുന്നു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ബ. സഹോദരന്മാരെ, പ്രിയമക്കളെ,

ഒക്ടോബർമാസം ഒന്നിലധികം പ്രത്യേകഭക്തികർമ്മങ്ങൾക്കായി പ്രതിഷ്ഠിച്ചിരിക്കുന്നു. ദൈവമാതാവിന്റെ സ്തുതിക്കായുള്ള കൊന്തനമസ്കാരം ഈ ഭക്തികളിൽ പ്രധാനമാണ്. പുരാതനകാലങ്ങളിൽ തിരുസ്സഭയുടെ ശത്രുക്കളെ പരാജയപ്പെടുത്തുന്നതിനും, ക്രൂരന്മാരായ അക്രമികളെ ഓടിച്ചു ജനങ്ങളുടെ ജീവനെ രക്ഷിക്കുന്നതിനും ഈ ഭക്തി അത്ഭുതകരമായവിധത്തിൽ ഫലപ്രദമായിരുന്നിട്ടുണ്ട്. 'ക്രിസ്ത്യാനികളുടെ സഹായവും' 'മാലാഖാമാരുടെ രാജ്ഞി'യുമായ മറിയത്തോടുള്ള ഈ ജപമാലഭക്തി ലോകമഹായുദ്ധം നടക്കുന്ന ഈ അവസരത്തിൽ നമുക്കു വളരെ പ്രയോജനകരമായിരിക്കും. ലോകമഹായുദ്ധം അവസാനിക്കുന്നതിനായി സകല കുടുംബങ്ങളിലും ഒക്ടോബർമാസത്തിൽ എല്ലാദിവസവും നൂറിരിഅമ്പത്തുമൂന്നുമണിജപം ഭക്തിപൂർവ്വം എത്തിക്കണമെന്നു നാം ഉപദേശിക്കുന്നു. തിരുഹൃദയപ്രതിഷ്ഠ നടത്തിയിട്ടുള്ള ഭവനങ്ങളിൽ, ആഴ്ചയിലൊരു രാത്രിയെങ്കിലും കുടുംബാംഗങ്ങൾ ഒന്നിച്ചു തിരുഹൃദയരൂപത്തിൽ മുമ്പാകെ തിരുമണിക്കൂർ നടത്തണമെന്നും നാം ആഗ്രഹിക്കുന്നു. തിരുമണിക്കൂർ കഴിക്കുന്ന സമയത്തു തിരുഹൃദയക്കൊന്ത, അനുഗ്രഹക്കൊന്ത, ത്രിത്വ മണിജപം മുതലായവ ചൊല്ലാവുന്നതാണ്.

പള്ളികളിൽ നടത്താവുള്ള പത്തുദിവസത്തെ കൊന്തനമസ്കാരം, നിവൃത്തിയുള്ളിടത്തെല്ലാം, ക്രിസ്തുവിന്റെ രാജത്വത്തിരുനാളിൽ അവസാനിക്കത്തക്കവണ്ണം ആരംഭിക്കണമെന്നും വിശ്വാസികൾ എല്ലാവരും ഇതിൽ സംബന്ധിച്ചു വി. കുർബാന കൈക്കൊള്ളണമെന്നും നാം താല്പര്യപ്പെടുന്നു. ഒക്ടോബർ 29-ാംനു- ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ഉചിതമായ ആഡംബരത്തോടുകൂടി ഘോഷിക്കയും ജപമാല ചൊല്ലിക്കൊണ്ട് പ്രദക്ഷിണം നടത്തുകയും ചെയ്യണമെന്ന് നാം ആജ്ഞാപിക്കുന്നു.

മാലാഖാമാരുടെ വണക്കത്തിനായി നിർദ്ദേശിച്ചിട്ടുള്ളതും ഒക്ടോബർമാസംതന്നെ ആണല്ലൊ. ദൈവത്തോടു മത്സരിച്ചവരെ സ്വർഗ്ഗത്തിൽനിന്നു നിഷ്കാസനംചെയ്ത ഈ വിശ്വസ്തദൂതന്മാർ, സത്യത്തെയും തിരുസ്സഭയെയും എതിർക്കുന്ന സകല പൈശാചികശക്തികളെയും അടിച്ചമർത്തി ദൈവരാജ്യത്തെ സംരക്ഷിക്കുന്നതിനു നമ്മെ സഹായിക്കും. 'ദൈവത്തിന്റെ ദൂതന്മാരായ മാലാഖാമാരെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ' എന്ന് ഈ മാസത്തിൽ ദിവസേന പല പ്രാവശ്യം ചൊല്ലുന്നതിനു നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം.

സമാധാനരഹിതമായ ലോകത്തെ ഉൽകണ്ഠയോടുകൂടി വീക്ഷിച്ചു, മനുഷ്യർ സഹിക്കേണ്ടിവരുന്ന വിവിധതരത്തിലുള്ള കഷ്ടാരിഷ്ടതകൾ ഓർത്ത് അത്യധികമായ മനഃപീഡ അനുഭവിക്കുന്ന നമ്മുടെ "മാലാഖായ്ക്കുട്ടത്ത ഇടയ"നായ പ. പിതാവു് ഫ്രാൻസിസ്കുതിരുമേനിയുടെ നിയോഗങ്ങളൊക്കെയും സാധിക്കുന്നതിനു മാലാഖാമാരുടെ സഹകരണവും, 'മാലാഖാമാരുടെ രാജ്ഞി'ആയ പ. മറിയത്തിന്റെ സഹായവും ഈ അവസരത്തിൽ നാമേവരും പ്രത്യാശയോടെ അപേക്ഷിക്കണം. "Da nobis pacem Domine, in diebus nostris" "കർത്താവേ ഞങ്ങളുടെനാളുകളിൽ ഞങ്ങൾക്കു സമാധാനംതരേണമെ!" എന്നുവേദവാക്യം ചൊല്ലിക്കൊണ്ട് പ. പിതാവു് സദാ പ്രാർത്ഥിക്കുന്നതായി അറിയുന്നു. നമ്മളും ആ പ്രാർത്ഥനയിൽ തുടർന്നു ചേർന്നുകൊണ്ട്, യുദ്ധത്താൽ പ്രക്ഷുബ്ധമായിരിക്കുന്ന ലോകത്തിനു സമാധാനവും ശാന്തതയും വേഗം കൈവരുന്നതിനായി നമ്മുടെ സൽകൃത്യങ്ങളും എല്ലാം ദൈവസന്നിധിയിൽ സമർപ്പിക്കണം.

വന്ദ്യസഹോദരരെ, പ്രിയമക്കളെ, ഒക്ടോബർ 22-ാംനു- മിഷൻ ഞായറാഴ്ചയാണ്. വേദപ്രചാരത്തെ സഹായിക്കുന്നതു് സമാധാനസ്ഥാപനത്തെ സഹായിക്കുക ആകുന്നു; എന്തെന്നാൽ ക്രിസ്തുവിന്റെ ഭരണം എല്ലാവരും അംഗീകരിക്കുന്നതാണ് ശാശ്വതമായ സമാധാനത്തിന്റെ അടിസ്ഥാനം. പ്രേഷിതജോലി അഭിവൃദ്ധിപ്പെടുന്നതിനു എത്രയേറെ ധ

നം ആവശ്യമാണെന്നു് എല്ലാവക്കും അറിയാം. ഇപ്പോഴത്തെ ചു റവപാടുകളിൽ ധനസഹായത്തിനുള്ള ആവശ്യം വളരെ വർദ്ധിച്ചിരിക്കു ന്നു. നിങ്ങളുടെ കഴിവുകളും താരതമ്യേന പരിമിതമാണെന്നു നമുക്കറി യാം. എങ്കിലും ഈ അവസരത്തിലാണു് കൂടുതൽ ഔദാര്യവും ത്യാഗ സന്നദ്ധതയും ആവശ്യമായിരിക്കുന്നതു്; ഇപ്പോൾ ചെയ്യുന്ന ത്യാഗ ങ്ങൾ ഓരോന്നും കൂടുതൽ ഫലപ്രദങ്ങളായിരിക്കും. ആകയാൽ ഇക്കൊ ല്ലവും പതിവുപോലെ ഇ വികാരിമാർ, മുൻകൂട്ടി വിളിച്ചറിയിച്ചശേ ഷം, മിഷ്യൻഞായറാഴ്ച, ഇ. വൈദികരിൽനിന്നും ജനങ്ങളിൽനിന്നും പിരിച്ചെടുത്തു നവംബർമാസം 15-ാംതീ-ക്കുമുമ്പായി ഇവിടേയ്ക്കയച്ചുത രേണ്ടതാണു്. മിഷ്യൻഞായറാഴ്ചപ്പിരിവു നടത്തുന്നതിനും കൊന്തനമ സ്കാരം, ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ എന്നിവ വിജയപ്രദമായി കൊണ്ടാടുന്നതിനും അതതു സ്ഥലത്തെ കത്തോലിക്കപ്രവർത്തനസംഘ ങ്ങളും വി. പ്രം. മൂ സഭാംഗങ്ങളും പ്രത്യേകം ഉത്സാഹിക്കയും പ്രചർ ണവേലനടത്തുകയും ചെയ്യണമെന്നു നാം ഉദ്ബോധിപ്പിക്കുന്നു.

കടശിയായി, യുദ്ധംമൂലം നാനാവിധ കഷ്ടതകളും സഹിക്കുന്ന ല ക്ഷോപലക്ഷം ആളുകൾക്കു് ആശ്വാസവും, യുദ്ധത്തിൽ മരിക്കുന്നവർ ക്കു നിത്യശാന്തിയും ലഭിക്കുന്നതിനായി, യുദ്ധരംഗത്തിൽനിന്നു് ആക ന്നിരിക്കുന്ന നമുക്കു് ഓരോരുത്തക്കുമുണ്ടാകുന്ന കഷ്ടതകളെയും വ്യാ കുലങ്ങളെയും ഈശോരാജാവിനോടുള്ള സ്നേഹത്തെപ്രതി ക്ഷമാപൂർവം സഹിച്ചു ജപമാലരാജ്ഞിയുടെ തൃക്കരങ്ങൾ വഴിയായി കാഴ്ചവയ്ക്കണമെ ന്നു് ഉപദേശിച്ചുകൊണ്ടു് ✠ ബാവായുടെയും ✠ പുത്രന്റെയും ✠ പ രിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ നാം ഹൃദയപൂർവം ആശീർ വദിക്കുന്നു.

എന്നു്

ജയിംസുകാളാശേരി

ച. ന. അരമനയിൽനിന്നു്
1939 സെപ്റ്റംബർ 25-ാംതീ-

✠ [illegible]

ച. ത്രേ. മെത്രാൻ.

N.B. നമ്മുടെ ഈ കല്പന അടുത്ത രണ്ടു കടമുള്ള ദിവസങ്ങളിൽ കുർബാനസമയത്തു് ഏവൻഗേലിയോൻ കഴിഞ്ഞു് പള്ളിയിൽ വായിച്ചുകൊള്ളണം.

ആ ലോകൈകന്യായാധിപൻ ആരായിരിക്കണം?

(എ എ. ഫിലിപ്പ് ആലുംപറമ്പിൽ)

ഒരു രാജ്യത്തിലെ പ്രജകളുടെ ഇടയിൽ ഉണ്ടാകുന്ന തർക്കങ്ങൾ കേട്ട തീരുമാനിക്കുന്നതിനാണെങ്കിൽ അവിടെ ഒരു സുപ്രീംകോടതിയുണ്ട്. എന്നാൽ വിവിധരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന വിവാദങ്ങളെ കേട്ട തീരുമാനം ചെയ്യുന്നതിന് താദൃശമായ ഒരു കോടതി ഇന്ന് ഇല്ലാതെയാണിരിക്കുന്നത്. സർവ്വരാജ്യസഖ്യത്തിന് ആ സ്ഥാനം വഹിക്കാൻ ത്രാണിയില്ലെന്നു തെളിഞ്ഞിട്ട കൊല്ലങ്ങൾതന്നെ പലതായി. പക്ഷേ, സമാധാനപാലനത്തിന ഒരു കോടതി അവശ്യാവശ്യമാണെന്നതാണ്. പുരാതനകാലത്തു റോമ്മാ ഈ സ്ഥാനം പ്രശംസാർഹമാംവിധം വഹിച്ചിരുന്നു. രാജാക്കന്മാർ തമ്മിലുള്ള തർക്കങ്ങൾ കേട്ടതീരുമാനിക്കുന്നതിന മാപ്പാപ്പാമാർക്ക് സാധിച്ചിട്ടുണ്ട്. അവരുടെ മദ്ധ്യസ്ഥംമൂലം പലേ യുദ്ധങ്ങൾ ഗർഭത്തിൽവച്ചുതന്നെ അലസിപ്പോയിട്ടുമുണ്ട്. പാപ്പായെ ലോകൈകന്യായാധിപനായി ക്ഷണിക്കുന്നതിനുള്ള കാരണങ്ങൾ പ്രധാനമായി രണ്ടാണ്. ഒന്നാമതായി മറേറതൊരു രാജ്യത്തെ പ്രതിനിധിക്കും സാധിക്കുന്നതിനേക്കാൾ ക്ഷുത്തലായി സർവ്വരാജ്യസ്ഥിതിഗതികൾ ഗ്രഹിക്കുന്നതിന പാപ്പായ്ക്കു സൗകര്യമുണ്ട്. രണ്ടാമതായി മറേറതൊരു പ്രതിനിധിയേയുംകാൾ നിഷ്പക്ഷമായും മുൻവിധിക്കുടാതെയും കാര്യം കേട്ട തീരുമാനിയ്ക്കാൻ അഖിലലോകത്തിന്റെയും പിതാവെന്ന നിലയിൽ പാപ്പായ്ക്കു സാധിക്കും. പലേ മഹാന്മാരും ഈ അഭിപ്രായത്തെ സമാദരിക്കുന്നുണ്ട്.

ഒരു പ്രസിദ്ധ ആംഗ്ലേയഎഴുത്തുകാരനായ മി. ഉകപാർട്ട് 'സർവരാജ്യസംബന്ധമായ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നുള്ള കോൺഗ്രസ്സുകളെ ദൂരത്തു പരിത്യജിച്ചിട്ട പാപ്പായുടെ ന്യായാസനത്തുങ്കൽ നാം അഭയം പ്രാപിക്കണം' എന്നു പറയുകയുണ്ടായി.

തത്വശാസ്ത്രജ്ഞനായ ലെയിബ്നിറ്റ്സ് ഏഴാം നൂറാണ്ടിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്:–"എന്റെ അഭിപ്രായത്തിൽ ആധുനികയൂറോപ്പു് റോമ്മിൽ ഒരു നീതിന്യായക്കോടതി ഏർപ്പെടുത്തണം. അതിന്റെ പ്രധാനന്യായാധിപൻ പാപ്പാ ആയിരിക്കണം. ക്രിസ്ത്യൻരാജാക്കന്മാരുടെ ഇടയിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും വിധി പറയുന്നതിനും അധികാരം ആ ഭദ്രേഹത്തിനുണ്ടായിരിക്കണം. ഇങ്ങനെ ഭരണാധിപന്മാരെ തമ്മിൽ രഞ്ജിപ്പിക്കുന്നതിനായി സ്ഥാപിക്കപ്പെട്ടുന്ന സുപ്രീംകോടതി നമ്മേ പഴയ സുവർണ്ണകാലത്തേയ്ക്കു് ആനയിക്കും."

സുപ്രസിദ്ധ ആംഗലരാജ്യതന്ത്രജ്ഞനായ പിറവും ഇതേ അഭിപ്രായക്കാരനായിരുന്നു. 1784–ൽ അദ്ദേഹം എഴുതി:– "നമ്മെ എല്ലാവരേയും ക്രട്ടിച്ചേർക്കുന്ന ഒരു ബന്ധം നാം കണ്ടുപിടിക്കണം. ഈ ബന്ധം പാപ്പായ്ക്കു മാത്രമേ പ്രദാനംചെയ്വാൻ സാധിക്കൂ. നിഷ്പക്ഷവും നീതിയുക്തവുമായ തന്റെ തീരുമാനം റോമ്മായ്ക്കു മാത്രമേ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂ. അവളുടെ തീരുമാനത്തിന്റെ നീതിയുക്തതയെപ്പറ്റിയോ നിഷ്പക്ഷതയെപ്പറ്റിയോ നിമിഷനേരത്തേയ്ക്കുകിലും സംശയിക്കുന്നവരായി ലോകത്തിൽ ആരുംതന്നെയില്ല."

വോൾട്ടയർ പറയുന്നതുകേട്ടാലും "മനുഷ്യവംശത്തിന്റെ നന്മയെ പരിഗണിക്കയാണെങ്കിൽ ഭരണാധിപന്മാരെ നിയന്ത്രിക്കുവാനും ജനങ്ങളുടെ പ്രാണനെ രക്ഷിക്കുവാനും ഒരു ശക്തി ആവശ്യമാണു്. ഈ ശക്തി അഥവാ അധികാരം എല്ലാവരുടെയും ഏകയോഗമായ സമ്മതപ്രകാരം പാപ്പായുടെ കരങ്ങളിൽ സമർപ്പിക്കാം."

പാശ്ചാത്യസംസ്കാരത്തിന്റെ സംരക്ഷണത്തിനു പാപ്പാമാർ എത്രയിധികം ശ്രമിച്ചിട്ടുണ്ടെന്നും അവരുടെ ശ്രമം എത്രകണ്ടു ഫലപ്രദമായിട്ടുണ്ടെന്നും ചരിത്രം തെളിയിക്കുന്നു. പ്രോട്ടസ്റ്റൻറ്"ഗ്രന്ഥകാരനായ വൊയിറ്റ് (Voigt) ഗ്രിഗരിസപ്തമന്റെ ചരിത്രത്തിലും, ഹണ്ടർ (Hunter) ഇന്നസൻറ് തൃതീയന്റെ ചരിത്രത്തിലും അവർ ശ്ലേഷ്മതയുടെ പുരോഗമനത്തെ

എത്രധീരധീരം എതിർത്തുവെന്നു തെളിയിക്കുന്നുണ്ടു്. ഫെൻടി 4–ാമന്റെയും ഫ്രഡറിക്കു് 2–ാമന്റെയും അമിതമായ രാജ്യതൃഷ്ണയെ തടയുന്നതിനു പാപ്പാമാർക്കു മാത്രമെ സാധിച്ചുള്ളൂ. പല പ്പോഴും രാജാക്കന്മാർ തമ്മിലുണ്ടായ വിവാദങ്ങളെകേട്ടു അവർ തീരുമാനം ചെയ്തിട്ടുണ്ടു്. സമാധാനപാലനത്തിനു അവരുടെ വിധിത്തീർപ്പു് പ്രയോജകീഭവിച്ചിട്ടുമുണ്ടു്. ഇന്നാകട്ടെ (**International Congresses**)ആണു പാപ്പായുടെ സ്ഥാനത്തു അവരോധിക്കപ്പെട്ടിരിക്കുന്നതു്. അവയുടെ കാര്യക്ഷമതാരാഹിത്യം ലോകം ഇന്നു ഗ്രഹിച്ചുകഴിഞ്ഞു. ഇനിയെങ്കിലും പഴയപോലെ യൂറോപ്പു പാപ്പായുടെ മദ്ധ്യസ്ഥകോടതിയെ അംഗീകരിച്ചിരുന്നെങ്കിൽ!!!

——ഠ0ഠ——

ശീശ്മക്കാരുടെ

മാനസാന്തരത്തിനുവേണ്ടി.

By. K. T. albert Rann -Perunid.

(മത്താഡാപാരതാനോ എ. മ.)

നന്മതന്നാലയമേ! കന്നിമേരിയേ!
നന്മതന്നാലയമെ!

ചരണങ്ങൾ

1 കാരുണ്യജനകനാം–പുത്രന്റെകൃപാരസം
നിന്നിലിരുന്നിട്ടുനു സൗഭാഗ്യനിലയമേ! (നന്മ)

2 ശീശ്മക്കാരായമർത്യരെത്രയൊഭ്രവതികൽ
അജ്ഞാനസമുദ്രത്തിലാണ്ടുവലയുന്നുമ്മേ! (നന്മ)

3 ഉത്തമേ! അമ്മേ! അവക്കാശ്വാസവെളിച്ചത്തെ
സന്തതംനൽകിരക്ഷയേകുകയലിവോടെ (നന്മ)

4 താരയെശ്രീയേശുവിനെപേറിത്താലോലിച്ചതാം
താവകപാണിയിങ്കലേവർക്കുംനിലനൽക., (നന്മ)

5 പാപപിജനനിചയമാനസാന്തരത്തിനായ്
പാവനേ! മദാകർത്തനോടുനിയാചിക്കേണേ (നന്മ)

6 സ്വർഗ്ഗീയതാതാ! ഞങ്ങളർത്ഥിക്കുന്നതുപോലെ
താവകകൃപാവർഷംമർത്യരിൽചൊരിയേണേ. (നന്മ)

——0——

"നമ്മുടെ മദ്ധ്യസ്ഥൻ"

വി. യൌസേപ്പിൻെറ ജീവിതസംശുദ്ധി അദ്ദേഹത്തിൻെറ സ്ഥാനമഹിമയ്ക്കനുയോജ്യമായതാകുന്നു. ഒരാൾ ഏതു സ്ഥാനത്തേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നുവൊ, ആ സ്ഥാനത്തിനു യോജിച്ച പുണ്യം ദൈവം അയാൾക്കു നൽകുന്നു. പരിശുദ്ധകന്യകയുമായുള്ള വിവാഹത്തിനു മുമ്പുതന്നെ, വി. യൌസേപ്പിനെ 'നീതിമാൻ' എന്നതെ പരിശുദ്ധാത്മാവു വിളിച്ചിരുന്നതു്. അദ്ദേഹത്തിൻെറ പുണ്യപൂർണ്ണതയിൽ വിശ്വാസമുണ്ടായിരുന്ന വൈദികർ, പരിശുദ്ധാത്മാവിയാൽ നിവേശിതരായി പരിശുദ്ധ കന്യകയെ അദ്ദേഹത്തിൻെറ സംരക്ഷണത്തിനേല്പിച്ചതും ഇക്കാരണത്താലാണു്. നമ്മുടെ വിശുദ്ധൻ ബ്രഹ്മചര്യം അഭംഗമായി പാലിച്ചുപോന്നുവെന്നുള്ളതു് സഭ പണ്ടേ വിശ്വസിച്ചുപോരുന്ന ഒരു സത്യമാകുന്നു.

നിർമ്മലകന്യകയോടുള്ള വിവാഹവും, ദൈവകുമാരനോടുകൂടിയുള്ള സഹവാസവും, ദൈവസ്നേഹത്തിലും പുണ്യയോഗ്യതയിലും പടിപടിയായി വർദ്ധിക്കുന്നതിനു വി. യൌസേപ്പിനെ സഹായിച്ചു. മാത്രമല്ല, തന്നിയ്ക്കു നിരവധി ശുശ്രൂഷകൾ ചെയ്യുവാനും തൻെറ വളർത്തുപിതാവിൽ, ഈശോ എമ്മാത്രം അനുഗ്രഹങ്ങൾ വർഷിച്ചിരിക്കണം? പരിശുദ്ധ ദൈവജനനിയും, തൻെറ വിരക്തഭർത്താവിനായി ധാരാളം പ്രസാദവരങ്ങൾ ദൈവത്തിൽനിന്നും അപേക്ഷിച്ചു വാങ്ങി നൽകിയിരിക്കും. അവളിൽക്കൂടിയാണല്ലൊ വരപ്രസാദങ്ങളെല്ലാം പ്രവഹിക്കുന്നതു്.

ദൈവദൂതൻ അറിയിച്ച ദിവ്യദൌത്യങ്ങളിൽ എത്രവലിയ വിശ്വാസവും അനുസരണവുമാണു് വി. യൌസേപ്പു പ്രകാശിപ്പിച്ചതു്? അവയെ നിസ്സന്ദേഹം അനുവർത്തിക്കുന്നതിൽ നേരിട്ട ക്ലേശങ്ങൾ എത്രയധികമായിരുന്നു? എത്ര ധൈര്യത്തോടും സന്തോഷത്തോടുംകൂടിയാണു് അവിടുന്നു കൈവരിച്ചതു്? നിതൃതപത്തിലല്ലാതെ നമുക്കു ഗ്രഹിപ്പാൻ സാധിക്കയില്ലാത്തതരത്തിലുള്ള ഒരു പുണ്യപൂർണ്ണത പ്രാപിച്ച ആളാണു്, മാലാഖാമാർക്കും അത്ഭുതവും പുണ്യവാന്മാർക്കു് ആദർശവുമായ 'നമ്മുടെ മദ്ധ്യസ്ഥൻ.'

ക്രിസ്തുരാജമംഗളം

അപരിമിതമഹത്വംപൂണ്ടദൈവാത്മജാ! വൻ–
കൃപയുടെനിധിയാകും ക്രിസ്തുരാജാ! മഹേശാ!
ജപമൊടുതവപാദംഞങ്ങൾ കുമ്പുന്നുമോദാൽ
സപദിവരമപാരംചേർക്കണേ, തീർക്കണേമാൽ

സ്റ്റൂറിയാ, ഡി. തുടിയൻപ്ലാക്കൽ

ക. പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രാരംഭനടപടികൾ.

III

ഏതുതരത്തിലുള്ള പഠനമാണു തുടങ്ങേണ്ടതെന്നു ആലോചിക്കുകയോ ആലോചിക്കുവാൻ തുടങ്ങുകയൊന്നും പിന്നീടു സംഘം ചെയ്യേണ്ടതുണ്ട്. എനിക്കു പരിചയമുള്ള പലേ സംഘങ്ങളും പഠനവിഷയത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളതു മതതത്വങ്ങൾക്കാണെന്നാണു തോന്നുന്നതു്. ചിലർക്കു സാമുദായികപ്രശ്നങ്ങളും മറ്റു ചിലർക്കു ചരിത്രവും പ്രധാനങ്ങളായി തോന്നിയേക്കാം. എങ്ങനെയായാലും ശരിയായവിധം പ്രവർത്തനമാരംഭിച്ചു കഴിയുമ്പോൾ വിശ്വാസസത്യങ്ങൾ പഠിക്കാതെ നിവൃത്തിയില്ലെന്നു അവയ്ക്കെല്ലാവർക്കുംതന്നെ ബോദ്ധ്യമാകും. ഏതെല്ലാം കത്തോലിക്കാ പുസ്തകങ്ങളാണ് ഇപ്പോഴുള്ളതെന്നു് ആരായുന്നതു നന്നായിരിക്കും. എല്ലാ കത്തോലിക്കാ പ്രസാധകന്മാർക്കും എഴുതി അയച്ചു അവരുടെ പുസ്തകപ്പട്ടിക അയച്ചുതരുവാൻ ആവശ്യപ്പെടുക. ഏതെല്ലാം പുസ്തകങ്ങളാണു വരുത്തേണ്ടതെന്നുള്ളതിനെപ്പറ്റി വൈദികന്റെ അഭിപ്രായവും കൂടി ചോദിക്കുക. നിങ്ങളുടെ പട്ടണത്തിൽ കത്തോലിക്കാപുസ്തകങ്ങളെപ്പറ്റി ഏറ്റവും കൂടുതൽ അറിവുള്ളതാരെന്നു അന്വേഷിച്ചറിയുക. അദ്ദേഹത്തിന്റെയും അഭിപ്രായം ചോദിക്കുക. യുക്തിപൂർവ്വമായും വിജ്ഞാനപ്രദമായും അദ്ദേഹത്തിനു സംസാരിക്കുവാൻ സാധിക്കുമെങ്കിൽ നിങ്ങൾ അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുവന്നു കത്തോലിക്കാപുസ്തകങ്ങളെപ്പറ്റി നിങ്ങളോടു സംസാരിക്കുവാൻ അഭ്യർത്ഥിക്കുക. (പുസ്തകങ്ങളെപ്പറ്റി അറിവുള്ള പലർക്കും യുക്തിയോടുകൂടി സംസാരിക്കാൻ സാദ്ധ്യമല്ല.)

നിങ്ങൾ പ്രവർത്തനം നടത്തേണ്ട പരിസരങ്ങളെപ്പറ്റി പിന്നീടു ചിന്തിക്കുക. രണ്ടുതരം പരിസരങ്ങളാണ് നിങ്ങൾക്കുള്ളതു്. ആദ്ധ്യാത്മീകവിഷയങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കു അദ്ധ്യാത്മികമായ പ്രേരണാശക്തി ലഭിക്കുന്നതു് ഇടവകയിൽ നിന്നാണ്. അതുകൊണ്ടാണ് ഇടവകയിൽ സ്ഥാപിതമായിട്ടുള്ള സംഘം കത്തോലിക്കാ പ്രവർത്തനത്തിന്റെ അടിസ്ഥാനമാണെന്നു പറയുന്നതു്. എന്നാൽ നിങ്ങളുടെ ജോലി ഇടവകയ്ക്കു പുറത്തു് ലോകത്തിലാണ്. നിങ്ങളുടെ ചെറിയ ലോകത്തെ സൂക്ഷിച്ചാലും. അതിന്റെ സ്ഥിതിഗതികളെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കുക. തിരുസ്സഭയ്ക്കു അനുകൂലമായും പ്രതികൂ

ലമായും അതിലുള്ള ശക്തികളും ഏതൊക്കെയെന്നും അന്വേഷിക്കുക. അതിലെ ഓരോ പ്രത്യേക വ്യക്തിയേയും പരിശോധിക്കുക. അവരെപ്പറ്റി അറിയുന്നതിനു ശ്രമിക്കുക. അവരെ സംബന്ധിക്കുന്ന പ്രശ്നങ്ങളും—അവരെയും തിരുസ്സഭയേയും വേർതിരിച്ചു നിറുത്തുന്ന തടസ്സങ്ങളും—ഏതൊക്കെയാണ്?

അദ്ധ്യക്ഷൻ് എപ്പോഴും ശരിയായ ഒരു കാര്യപരിപാടിയുണ്ടായിരിക്കണം. സംഘത്തിലെ ഓരോ അംഗത്തിനും എന്തെങ്കിലും ജോലി കൊടുക്കുകയും ആ ജോലി ചെയ്യുന്നതിക്കുവാൻ ആ അംഗത്തെ നിർബന്ധിച്ചുകൊണ്ടിരിക്കുകയുംവേണം. അലസന്മാരായ അംഗങ്ങളും സംഘത്തിൽനിന്നു പൊയ്പോകുന്നതിൽ ഭയപ്പെടേണ്ട. അവർ എത്രവേഗം പോകുന്നുവൊ അത്രയുംനന്ന്. എന്നാൽ സങ്കോചംകൊണ്ടുമാത്രം ഒന്നും പ്രവർത്തിക്കാത്തവരെ—തങ്ങളെക്കൊണ്ടു ഒന്നും സാധിക്കയില്ലെന്നു വിചാരിക്കുന്നവരെ—ഉദാഹരണമായി, ഒരു വാദപ്രതിവാദം തുടങ്ങാനൊ ഏതെങ്കിലും ഒരു പുസ്തകത്തിൽഉള്ള ഉപയോഗപ്രദങ്ങളായ സംഗതികളെ സംഘത്തിനു പറഞ്ഞുകൊടുക്കുന്നതിനൊ വൈമുഖ്യം പ്രദർശിപ്പിക്കുന്ന ആളുകളെ—പിരിച്ചയക്കരുത്. ഈ വക കാര്യങ്ങളിൽ അദ്ധ്യക്ഷൻ മനുഷ്യസഹജമായ വിവേചനാശക്തി ഉപയോഗിക്കണം. ആദ്യം അല്പം പരിചയ്ക്കുവാൻ ആവശ്യപ്പെടുന്ന രോഗികളുണ്ടാകാം. എന്നാൽ താമസിയാതെ അവർ നടന്നുതുടങ്ങും.

ഒരു സംഘത്തിനു അതിന്റെ ആദ്യകാലങ്ങളിൽ ഏതാണ്ടു താഴെ പറയുംവിധംഒരു കാര്യപരിപാടി രൂപവൽകരിക്കാം.

1 പ്രാർത്ഥനകൾ, വിശ്വാസപ്രമാണം, ആകാശങ്ങളിലിരിക്കുന്ന നമസ്കാരം, നന്മനിറഞ്ഞമറിയം, എന്നിവയും ഉചിതങ്ങളായ മറ്റു പ്രാർത്ഥനകളും. വിവിധ കത്തോലിക്ക പ്രവർത്തനസംഘങ്ങൾക്ക് അവരുടെ പ്രത്യേക ഉപയോഗത്തിനായി പ്രത്യേക പ്രാർത്ഥനകൾ ഉണ്ട്. മിക്ക സംഘങ്ങളും പഠനത്തിനുമുമ്പ് വി. തോമസ് അകിനാസിന്റെ ജപംഉപയോഗിച്ചും വരുന്നുണ്ട്. ഈ പ്രത്യേക പ്രാർത്ഥനകൾ ഓരോ അംഗത്തിനുമുള്ള നോട്ടുപുസ്തകത്തിൽ പകർത്തിസൂക്ഷിക്കണം.

2 ഓരോ അംഗത്തിന്റെയും പേരും മേൽവിലാസവും പ്രസ്തുത പുസ്തകത്തിൽ കുറിച്ചിട്ടിരിക്കണം. അദ്ധ്യക്ഷൻ ഈ പുസ്തകങ്ങളെ ഇടയ്ക്കിടയ്ക്കു പരിശോധിക്കണം.

3 ആത്മീയോപദേഷ്ടാവ്, അദ്ധ്യക്ഷൻ, സിക്രട്ടറി എന്നിവരുടെ പ്രസ്താവനകൾ. യോഗനടപടിപുസ്തകങ്ങൾ ഉണ്ടെങ്കിൽ അവ.

4 സംഘത്തിന്റെ ആദ്ധ്യാത്മികജീവിതം. ഒരുമിച്ചുള്ള ദിവ്യ

കാരുണ്യസ്വീകരണം. അല്ലെങ്കിൽ വിസ്തീർണ്ണകഴിക്കൽ തുടങ്ങിയ ഭക്തകൃത്യങ്ങളും നടത്തിയിട്ട് എത്രനാളായി? ഇനിഎന്നാണ് നടത്തുവാൻ പോകുന്നത്?

5 പുതിയ വല്ല അംഗങ്ങളെയും സംഘത്തിൽ ചേർത്താൽ കൊള്ളാമെന്നു വിചാരിക്കുന്നുണ്ടോ? ആരാണത്? ആർ അയാളെ അറിയും? അയാളും സംഘത്തിനുയോജിച്ച ഒരു അംഗമായിരിക്കുമോ? സംഘത്തിൽ ചേരാൻ അയാളെ പ്രോത്സാഹിപ്പിക്കേണ്ട ഉത്തമമാർഗ്ഗം എന്താണ്? ആരാണ് അതിനു ശ്രമിക്കേണ്ടത്?

6 സംഘം തൽക്കാലം നിർവഹിക്കേണ്ട വല്ലഅടിയന്തിരജോലികളുമുണ്ടോ? അതെന്താണ്? ആ ജോലി ഏറ്റെടുക്കാനുള്ള അർഹത സംഘത്തിനുണ്ടോ? മറവുവല്ല സ്ഥാപനങ്ങളുമുണ്ടോ അതിനു കൂടുതൽ അർഹമായത്? അതിലേക്ക് അവരുടെ ശ്രദ്ധയെ നാം ആകർഷിക്കുന്നുണ്ടോ? ആ പ്രവൃത്തി നാം തന്നെ നിർവഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

7 സംഘത്തിലെ ഓരോ അംഗവും ഏതേതു കത്തോലിക്കപത്രമാണു വായിക്കുന്നത്? ഈ സംഗതി അദ്ധ്യക്ഷന്റെ പ്രത്യേകശ്രദ്ധയിൽ വിഷയീഭവിക്കണം. അദ്ദേഹം ആ കാര്യങ്ങളെ രേഖപ്പെടുത്തുകയും വേണം. നമുക്ക് ഏറ്റവും ഉപയോഗപ്രദമാകുന്ന കത്തോലിക്കാപ്പത്രങ്ങളും ഏതെല്ലാമാണ്? നമുക്കോരോരുത്തർക്കുമോ അല്ലെങ്കിൽ നമ്മുടെ സംഘത്തിനൊ അവയുടെ വരിക്കാരാകുവാൻ സാധിക്കുമോ?

8 ലഘുലേഖകൾ.

9 പുസ്തകങ്ങൾ. ഏതെങ്കിലുമൊരു അംഗം അയാളോടാവശ്യപ്പെട്ടതനുസരിച്ച് കത്തോലിക്കാപ്രസാധകന്മാരോട് എഴുതിച്ചോദിച്ചുവോ?ഇല്ല. (ആദ്യകാലങ്ങളിൽ ഓരോരുത്തരും വാശാനങ്ങളെ അപ്പടി പാലിച്ചുവെന്നു വരുന്നതല്ല. പക്ഷെ അദ്ധ്യക്ഷൻ അവയെ ക്ഷന്തവ്യങ്ങളായി കണക്കാക്കരുത്. കാലക്രമേണ സംഘം നല്ലനല്ല പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും സ്വാധീനമാക്കും)

10 ഏതു പുസ്തകം വായിക്കണമെന്നാണ് കഴിഞ്ഞതവണ നിശ്ചയിച്ചത്? ഓരോരുത്തരും വായിച്ചിട്ടുള്ള പുസ്തകങ്ങൾ ഏതെല്ലാം? അംഗങ്ങൾ വായിക്കുന്ന പുസ്തകങ്ങളെപ്പറ്റിയും വിഷയത്തെപ്പറ്റിയും അദ്ധ്യക്ഷൻ എപ്പോഴും വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കണം. ഓരോരുത്തരും തങ്ങൾ വായിക്കുന്ന പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും സാരാംശം എഴുതിയെടുത്തുസൂക്ഷിക്കുകയുംവേണം.

11 കഴിഞ്ഞയോഗത്തിനുശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ

നടത്തണമെന്നാണ് നിശ്ചയിച്ചത്? ഓരോരുത്തനും അവനവൻ വായിച്ച വിഷയങ്ങളെപ്പറ്റി എഴുതിയിട്ടുള്ള കുറിപ്പുകൾ സംഘത്തിൽ ഹാജരാക്കുകയൊ, വാദപ്രതിവാദം ആരംഭിക്കുകയൊ മറ്റുമുപോലെയുള്ള എന്തെങ്കിലും ചെയ്യുകയോവേണം. ഈ വക കാര്യങ്ങൾ മുടങ്ങാതെ ശരിയാംവണ്ണം നിർവഹിക്കുന്നതിന് അദ്ധ്യക്ഷൻ നിർബന്ധിക്കണം. ഓരോ അംഗങ്ങളും വാദപ്രതിവാദങ്ങൾക്കു തയാറാവുകയും വേണം. അതായതു അദ്ധ്യക്ഷൻ തന്നെ ആദ്യം തയാറാവണം. ചില അദ്ധ്യക്ഷന്മാർക്കു ഇതൊക്കെ വളരെ ബുദ്ധിമുട്ടുള്ള കാര്യമായി തോന്നിയേക്കാം. അങ്ങനെയുള്ളവർ അദ്ധ്യക്ഷസ്ഥാനത്തുനിന്നു പോവുകയാണു നന്നു്.

12 നാട്ടിലെ താല്ക്കാലിക സ്ഥിതിഗതികളെപ്പറ്റി—തൊഴിലില്ലായ്മ, കർഫ്യൂ കാണുക, ഇടവകയിൽ കത്തോലിക്കപത്രങ്ങൾ വില്ക്കുക മുതലായവയെപ്പറ്റി—റിപ്പോർട്ടു ചെയ്യുവാൻ ആരെയെങ്കിലും ഏർപ്പെടുത്തിയൊ? അയാളുടെ റിപ്പോർട്ടിന്റെ സാരം എന്താണു്? അതിനു നമുക്കെന്തു ചെയ്യുവാൻ കഴിയും? അതിനെപ്പറ്റി വീണ്ടും പഠിക്കുക.

13 പുസ്തകപാരായണത്തിൽ ഉദാസീനത കാണിക്കുന്നവരെ പലതരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ചു അദ്ധ്യക്ഷൻ അലട്ടിക്കൊണ്ടിരിക്കണം. ഉദാഹരണമായി മാർപ്പാപ്പായുടെ തിരുവെഴുത്തുകൾ എന്നാൽ എന്താണു്; നിങ്ങൾ ഏതെങ്കിലും ഒരു തിരുവെഴുത്തു് വായിച്ചിട്ടുണ്ടൊ? അതിലെ പ്രതിപാദ്യവിഷയം എന്തായിരുന്നു? ക്രിസ്തുദൈവമാണെന്നു നിങ്ങൾ വിശ്വസിക്കുന്നതു് എന്തുകൊണ്ടാണു്? ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുള്ള തെളിവെന്തു്? ഈ വക ചോദ്യങ്ങൾക്കുള്ള ഉത്തരം അടുത്തയോഗത്തിനുമുമ്പു പഠിക്കണമെന്നു അദ്ധ്യക്ഷൻ അവരോടു് ഉപദേശിക്കണം. അയാൾതന്നെയും അവയെ പഠിക്കുകയും വേണം.

14 അടുത്ത യോഗത്തിന്റെ ദിവസവും സമയവും സ്ഥലവും നിശ്ചയിക്കുക. ആഴ്ചയിൽ ഒരിക്കലെങ്കിലും യോഗം നടത്തണം. കാലേക്കൂട്ടിത്തന്നെ അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുകയും വേണം.

15 യോഗാവസാനത്തിൽ ചെയ്യേണ്ട പ്രാർത്ഥനകൾ.

16 കാപ്പി കൊക്കൊ മുതലായി നിങ്ങൾക്കിഷ്ടമുള്ള ഏതെങ്കിലും പാനീയത്തെ ഒരുമിച്ചനുഭവിക്കുകയും ഏതെങ്കിലും കാര്യത്തെപ്പറ്റി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുക. കാലക്രമേണ കൂടുതൽ സ്നേഹതരങ്ങളായ കാര്യങ്ങളെപ്പറ്റി സംസാരിക്കുവാൻ നിങ്ങൾക്കു കഴിയും.

നിങ്ങളെ സഹായിക്കുവാനൊ നിങ്ങൾക്കു സഹായം നൽകുന്നതിനൊ കഴിയുന്ന മറ്റു കത്തോലിക്കാപ്രവർത്തനസംഘങ്ങൾ നിങ്ങളുടെ ഇടവകയിൽ ഉണ്ടെങ്കിൽ അവയുമായി സഹകരിക്കുക.

പരിപൂർണ്ണതാദർശം

(തുടർച്ച)

[റവ ജെ വേഴമ്പത്തോട്ടം]

കഷ്ടതകൾ ക്ലേശങ്ങൾ പുണ്യയോഗ്യതയുള്ളവയായി ഭവിക്കുന്നു.

എല്ലാ നന്മകളും ദാനങ്ങളും മറിയവും അവളോടുള്ള നിഷ്കളങ്കവും യഥാർത്ഥവുമായ ഭക്തിയും നിമിത്തം നമുക്കു ലഭിക്കുന്നു. ദുഃഖസമ്പൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ഈലോകവാസത്തിൽ ജീവിതാനന്ദവും ദൈവസ്നേഹവും അവർവഴി നാം ആസ്വദിക്കുന്നു. എന്നാൽ കഷ്ടാരിഷ്ടതകളിൽനിന്നു മറിയഭക്തന്മാർ എപ്പോഴും വിമുക്തരായിരിക്കുമെന്ന് ആരും തീർച്ചയാക്കരുതു്. പലപ്പോഴും മറവുള്ളവരേക്കാൾ വളരെയധികം പ്രലോഭനങ്ങൾകൊണ്ട് അവർ പീഡിതരായെന്നു വരാം. എന്തുകൊണ്ടെന്നാൽ ജീവിക്കുന്നവരുടെ മാതാവായ മറിയം, ജീവന്റെ വൃക്ഷമായ ഈശോയുടെ കുരിശിനെ വിഭജിച്ചു തന്റെ പ്രേഷ്ഠമക്കൾക്കും നൽകാതിരിക്കുകയില്ല. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ അവർ ഒരു കായ്പ്പ് പ്രത്യേകം ശ്രദ്ധിക്കും. കുരിശുകൾ സ്വതേ കയ്പുരസസമ്പൂർണ്ണമാണല്ലൊ. തന്റെ മക്കൾ അവ വഹിക്കുന്നതിനു അപ്രാപ്തരാണെന്നുള്ള വസ്തുത അവർ മറക്കുന്നില്ല. അതുകൊണ്ട് കുരിശുകൾ തിരഞ്ഞെടുത്തു് ഓരോരുത്തനും കൊടുക്കുമ്പോൾ, അവയെ അമൃതോപമം ആസ്വദിക്കുന്നതിനാവശ്യമായ സഹനശക്തി, ക്ഷമ, ഹൃദയാനന്ദം

ദൈവത്തെ വിചാരിച്ചു നിങ്ങളുടെ മാർഗ്ഗമാണു ഏറ്റവും ശരിയായതെന്നു വിചാരിക്കരുതു്. കത്തോലിക്കാപ്രവർത്തനസോപാനത്തിന്റെ ആദ്യത്തെ പടിയിൽത്തന്നെ ഒരു ഭയങ്കരസത്രം കിടപ്പുണ്ട്. ആ ആധ്യാത്മികമായ അഹങ്കാരം എന്നാണതിന്റെ പേർ. ശോഭനമായ ഭാവിയുള്ള അനേകം അംഗങ്ങളേയും പരിശുദ്ധങ്ങളായ ഉദ്ദേശങ്ങളേയും മറവും അതു വിഴുങ്ങിക്കളയുന്നു. അതിന്റെ ഉദരം വളരെ വിസ്തൃതമാകയാൽ തങ്ങളും വിഴുങ്ങപ്പെട്ടിരിക്കുന്നതായി അവർ അറിയുന്നില്ല.

നിങ്ങൾക്കു ശരിയായൊരു കമ്മപദ്ധതിയുണ്ടാകുന്നതുവരെ നിങ്ങളുടെ പ്രവർത്തനം കത്തോലിക്കാപ്രവർത്തനമാണെന്നു തെറ്റിദ്ധരിക്കരുതു്. കത്തോലിക്കാപ്രവർത്തനം യഥാർത്ഥത്തിൽ എന്താണെന്നു കണ്ടുപിടിക്കണം. ശരിയായ അർത്ഥവിവക്ഷയുള്ള ഒരു പദത്തെ ദയവായി ദുരുപയോഗപ്പെടുത്തരുതു്.

ആദിയായ പ്രത്യേക ദാനങ്ങളും അവയോടൊന്നിച്ചു പ്രദാനംചെയ്യും. അല്ലെങ്കിൽ അവളുടെ ആശ്രിതർ, ദൈവത്തിന്റെ സ്നേഹിതരായിരിക്കുന്നതിന് അവശ്യം രുചിക്കേണ്ട കയ്പുനിറഞ്ഞ കാസാ പാനംചെയ്യുമ്പോൾ ഭീരുസ്വഭാവക്ലേശങ്ങൾ ഉണ്ടായാലും, തദനന്തരം അവൾ നൽകുന്ന ഹൃദയസമാധാനവും അത്യാനന്ദവും വീണ്ടും ക്ലേശത്തിൽ ഭാരമുള്ള കുരിശുകളെ സംവഹിക്കുന്നതിനും വിഷമകരവും തിക്തകവുമായ പുതിയ പ്രലോഭനങ്ങളെ ജയിക്കുന്നതിനും അവരെ ബലമായി പ്രേരിപ്പിക്കാതിരിക്കുകയില്ല. അതേ അവർ തങ്ങളുടെ ഭാരമേറിയ കുരിശുകളെ വഹിച്ചു ക്ഷീണിതരാകുമ്പോൾ, ഉപരിയോഗൃതയോടും നിത്യഭാഗൃത്തിനർഹരാകത്തക്കവണ്ണവും അവയെ സഹിക്കുവാൻതക്ക മനഃകരുത്തും പ്രാപ്തിയും അവൾ പ്രദാനംചെയ്തതന്നെ ചെയ്യും. വീഴ്ചയ്ക്കു കാരണമാകാവുന്ന ഒന്നോ അനേകമോ തടസ്സങ്ങൾ നേരിട്ടാലും അവ മറിയഭക്തന്റെ പുരോഗമനത്തിനു വിഘാതമാവുകയില്ല. പ്രത്യുത, അവ അവന്റെ ആത്മീയാഭിവൃദ്ധിക്കു ഹേതുകമാവുകയേയുള്ളൂ. പരിശുദ്ധാത്മാവിന്റെ മധുരതമമായ സ്നേഹാലയവും നന്മയാൽ പ്രശോഭിതയുമായ നമ്മുടെ നല്ല അമ്മ തയ്യാറാക്കുന്ന കുരിശുകളുടെ കയ്പുരസത്തെ, പഴങ്ങൾക്കു മധുചേർത്തു സ്വാദു വർദ്ധിപ്പിക്കുന്നതുപോലെ, അവളുടെ സ്നേഹകടാക്ഷവും നന്മയുമാകുന്ന തേൻ ചേർത്തു മധുരസമ്പൂർണ്ണമാക്കും. അക്കാരണത്താൽ അവ പ്രകൃത്യാ അരുചിപ്രദവും അനുപാദേയവുമാണെങ്കിലും മറിയത്തിന്റെ വിശുദ്ധസ്പർശനം അവയെ വിശിഷ്ടസുധാസമം ആസ്വദിക്കും.

അനുഗൃഹീതനായ ദെ മോൺട്ഫോർട്ട് വീണ്ടും ഇങ്ങനെ പ്രസ്താവിക്കുന്നു. "ഭക്ത്യാദരപൂർവം ഈശോയിൽ ജീവിക്കുവാൻ അഭിലഷിക്കുന്നവർക്കു ദൈവജനനിയുടെനേർക്കു തീക്ഷ്ണതയുള്ള ഭക്തിയില്ലെങ്കിൽ, ഭാരമേറിയ കുരിശുകളെ നിഷ്പ്രയാസം വഹിക്കുവാനോ, സാനന്ദം അനുഭവിക്കുവാനോ, സഹനത്തിൽ അവസാനംവരെ ധീരതയോടും സന്തുഷ്ടിയോടുംകൂടെ നിലനില്ക്കുവാനോ ഒരിക്കലും ശക്യമല്ലെന്നു ഞാൻ വിശ്വസിക്കുന്നു."

യഥാർത്ഥവും പരിപൂർണ്ണവും സുദൃഢവുമായ മരിയഭക്തി എന്തിൽ അടങ്ങിയിരിക്കുന്നു.

പ്രസാദവരവും മറെറല്ലാ അനുഗ്രഹങ്ങളും നമുക്കു ലഭിക്കുന്നതിനു സുനിശ്ചിതവും, സുഗമവും, വിശിഷ്ടതമവുമായ മാർഗ്ഗം ദൈവമാതാവായ മറിയമാണ്. ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുന്നതിനും ദൈവ

ത്തിൽനിന്നു മഹാദാനങ്ങളും സ്വീകരിക്കുന്നതിനും വേണ്ട നൽവരം ല ഭിച്ചവരായി ചുരുക്കം ചിലർ മാത്രമേയുള്ളൂ. എന്നാൽ ദൈവമാതൃകര ങ്ങളിൽനിന്ന് അവ നിഷ്പ്രയാസം പ്രാപിക്കുവാൻ പാടില്ലാത്തവരാ യി ആരുമില്ല. കടുത്ത പാപികളുപോലും ആശാഭംഗരാകേണ്ടതില്ല. 'മറിയം പാപികളുടെ ശരണമാകുന്നു' എന്ന് വി. ആഗസ്തീനോസും 'മറിയം ദുഷ്ടന്മാരുടെ അഭയസ്ഥാനവും ലോകത്തിന്റെ സഹായവുമാ കുന്നു' വെന്ന് വി. അപ്രേമും പറയുന്നു. നമ്മുടെ അയോഗ്യതനിമിത്തം നമുക്കുതന്നെ നേരിട്ടുപ്രാപിക്കുവാൻ പാടില്ലാത്തവയെ രക്ഷാനാഥനാ യ ഈശോ ഔദാര്യപൂർവ്വം അവിടുന്നുവഴിച്ചുകൊടുക്കുന്നു. "ദൈവ ത്തിൽനിന്നു നേരിട്ടു സ്വീകരിക്കുവാൻ നീ അയോഗ്യനായതുകൊണ്ട് നിനക്കുള്ളവയെല്ലാം അവിടുവഴി നൽകുന്നതിനു ദൈവം സകലതും അവളെ ഏല്പിച്ചു" എന്നു വി. ബർനാർദ്ദ് നമ്മെ ഉദ്ബോധിപ്പിക്കു ന്നു. ദൈവം, തന്റെ അനുഗ്രഹങ്ങൾ വീതിച്ചുകൊടുക്കുന്നതിനു മറിയ ത്തെ നിയമിക്കയും അവിടുവഴിമാത്രം അവ നമുക്കു കിട്ടണമെന്നു തി രുമനസ്സാകുകയും ചെയ്തിരിക്കുന്നു. "മറിയത്തിന്റെ തൃക്കരങ്ങളിൽനി ന്നുവരുന്നതല്ലാതെ നമുക്കു യാതൊന്നും ഉണ്ടായിരിക്കരുതെന്നു ദൈവം തിരുമനസ്സായി" എന്നത്രെ വി. ബെർണ്ണാർദ്ദ് തുടർന്നു പ്രസ്താവിക്കുന്നതു്. മ റിയഭക്തിയിൽ പൂർവ്വാധികം തീക്ഷ്ണതയുണ്ടാകുന്നതിനു നമുക്കു യത്നി ക്കാം. അങ്ങനെ ചെയ്താൽ മിശിഹായുടെ സ്നേഹാഗ്നിയാൽ നാം പ്രോ ജ്വലിക്കും. നമ്മുടെ ഇടയിൽ വരുവാൻ ദൈവം തിരഞ്ഞെടുത്തമാർഗ്ഗം തന്നെ അവിടത്തെ സമീപിക്കുവാനും അങ്ങയിൽ ലയിക്കുവാനും നാം സ്വീകരിക്കണം. മറിയംവഴി അവിടുന്ന് ഇഹത്തിൽ വന്നു. മനുഷ്യസ്വ ഭാവവും അവളിൽനിന്നു സ്വീകരിച്ചു. അനുഗ്രഹങ്ങളേയും ദാനങ്ങളേ യും നമുക്കു വിഭജിച്ചുതരുന്നതിനു ദൈവം തന്റെ അനുഗ്രഹസമ്പൂർണ്ണ തയെ മറിയത്തിനു നൽകി. ദൈവം തന്റെ അനന്തജ്ഞാനത്തിൽ ന മ്മുടെ ഇടയിൽ വരുവാൻ മറിയത്തെ ഉപകരണമാക്കിയെങ്കിൽ അവിടു മുഖേന അവിടുത്തെ സന്നിധിയിൽ ചെല്ലുവാൻ നാം സംശയിക്കേണ്ട തുണ്ടോ? മറിയം പ്രസാദവരം കണ്ടെത്തിയെങ്കിൽ അതു നാം അവളി ൽ കാണാതിരിക്കുമോ? ദൈവാനുഗ്രഹം ധാരാളമായി സ്വീകരിക്കുന്ന തിനുള്ള ഏകമാർഗ്ഗം മറിയഭക്തിയല്ലാതെ മറെറാന്നുമല്ല.

യഥാർത്ഥമറിയഭക്തി പലതരത്തിലുണ്ട്. അനുഗൃഹീതനായ ദെ, മോൺടു ഫോർട്ട് മൂന്നായി അവയെ സംക്ഷേപിച്ചിരിക്കുന്നു. ഒന്നാമ ത്തേതു വിശിഷ്ടവും അടുത്തതു വിശിഷ്ടതരവും ഒടുവിലത്തേതു വിശിഷ്ട തമവുമാകുന്നു.

ചാവുദോഷത്തിൽനിന്നൊഴിഞ്ഞു്, ഒരു ക്രൈസ്തവന്റെ ചുമതല കളെ സാമാന്യമായി നിർവഹിച്ചു്, ദൈവകല്പനകളെ, ഭയത്താലെന്നതിനേക്കാൾ സ്നേഹത്താൽ പ്രേരിതനായി, അനുസരിക്കുകയും ജീവിതാന്തസ്സിനടുത്ത കടമകളെ പൂർത്തിയാക്കുകയും, മറിയത്തെ ദൈവജനനിയായി ബഹുമാനിച്ചു പലപ്പോഴും അവളുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നതാകുന്നു ആദ്യത്തെ വിധം. പ്രത്യേകഭക്തിതീക്ഷ്ണതയൊ സ്നേഹബന്ധമോ ഇതിലുണ്ടായിരിക്കുകയില്ല.

രണ്ടാമത്തേതു്, കന്യകാമറിയത്തോടുള്ള ഏറ്റവും വലിയ ബഹുമാനത്തിന്റേയും, നിഷ്കളങ്കസ്നേഹത്തിന്റേയും, ശക്തിമത്തായ വിശ്വാസത്തിന്റേയും തീക്ഷ്ണതയുള്ള വണക്കത്തിന്റേയും സചേതനമനോഭാവത്തിൽ അടങ്ങിയിരിക്കുന്നു. ഇതു് മറിയഭക്തിപ്രദ്യോതകങ്ങളായ സഖ്യങ്ങളിൽ ചേരുന്നതിനും, അൻപത്തിമൂന്നുമണിജപം മുടക്കം വരാതെ ചൊല്ലുന്നതിനും അവർക്കു പ്രതിഷ്ഠിച്ചിരിക്കുന്ന പീഠങ്ങളെ അലങ്കരിക്കുന്നതിനും, അവളുടെ പ്രതിമകളെ പ്രത്യേകമായി ബഹുമാനിക്കുന്നതിനും, അവളുടെ മഹത്വങ്ങളിലും സ്തുതികളിലും ഭാഗഭാക്കാകുന്നതിനും അതിൽ സന്തോഷിക്കുന്നതിനും താത്പര്യം പ്രദർശിപ്പിക്കുന്നതിനും നമ്മെ ഉത്സുകരാക്കുന്നു. ഈ ഭക്തി പരിശുദ്ധവും സ്തുത്യർഹവുമത്രെ. സൃഷ്ടികളിൽനിന്നു നമ്മുടെ ഹൃദയത്തെ അകറ്റി, ആത്മപരിത്യാഗംചെയ്ത ഈശോയോടു നമ്മെ സംയോജിപ്പിക്കുന്നതിനു തികച്ചും പര്യാപ്തവുമത്രെ.

'തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കൾ അറിഞ്ഞാചരിച്ചുവരുന്ന മൂന്നാമത്തെ മാർഗ്ഗമാണ്, പ്രിയസഹോദരാ, ഞാൻ നിനക്കു വെളിപ്പെടുത്തുവാൻ പോകുന്നതു്' എന്നു ഭാഗ്യവാനായ ദെ, മോൺട്ഫോർട്ട് പറയുന്നു. അതിന് ആദ്യമായി നമ്മെ പരിപൂർണ്ണമായി പരിശുദ്ധ കന്യകാമറിയത്തിനു അവളുടെ അടിമകളും അധീനവസ്തുക്കളുമെന്നപോലെ സമർപ്പിക്കണം. അപ്പോൾ അവർമുഖേന നാം പൂർണ്ണമായി മിശിഹായിക്കുള്ളവരായിത്തീരും. നമ്മുടെ പ്രവൃത്തികൾ മറിയവുമൊരുമിച്ചും അവളിലുമായിരിക്കണം. അവർവഴിയായും അവർക്കുവേണ്ടിയും ചെയ്യണം. തദവസരത്തിൽ ഈശോയോടൊന്നിച്ചും, അങ്ങയിലും, അവിടുന്നുവഴിയായും അവിടുത്തേക്കുവേണ്ടിയും കൂടുതൽ പരിപൂർണ്ണതയോടുകൂടെ ചെയ്യണമെന്നുമുള്ള ശ്രദ്ധാലാക്കുമുണ്ടായിരിക്കണം. പാവനമായ ഈ നിയോഗത്തോടുകൂടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വത്തിനും സ്തുതിയ്ക്കുംവേണ്ടി കാഴ്ചയർപ്പിക്കുകയും വേണം. ഇതിലത്രെ മൂന്നാമത്തെ വിധം അടങ്ങിയിരിക്കുന്നതു്. (തുടരും)

ഫ്രഡറിക്ക് ഓസാനം (Frederic Osanam)

സെൻറ് വിൻസെൻറ് ദി പോൾ സംഘത്തിന്റെ സ്ഥാപകൻ.

(Adapted from Rev. Father Mattum's work.)

1831-ാം വർഷം. വൃശ്ചികമാസാരംഭം. പ്രകാശമാനമായ ഒരു പ്രഭാതം. ഒരു യുവാവ് ഇതാ പരീസ് പട്ടണത്തിൽക്കൂടി പോകുന്നു. കാഴ്ചയിൽ ഒരു പതിനെട്ടു വയസ്സിലധികം തോന്നിക്കയില്ല. തലമുടി വളർത്തി കഴുത്തോളം നീട്ടി മുറിച്ചിരിക്കുന്നു. നയനങ്ങളിൽ ശോകരസം നല്ലപോലെ സ്ഫുരിക്കുന്നുണ്ടെങ്കിലും, ഭീരുതയാണ് കൂടെക്കൂടി പ്രത്യക്ഷമായി പ്രകാശിക്കുന്നത്. വേഗം നടക്കുന്നു എങ്കിലും, ഇരുഭാഗവും ജിജ്ഞാസയോടും കുതൂഹലത്തോടുംകൂടി വീക്ഷിക്കാതിരിക്കുന്നില്ല. അതിനാൽ ഈ യുവാവ് ആദ്യമായിട്ടാണ് പാരീസുപട്ടണത്തിൽ കാലു വയ്ക്കുന്നതെന്ന് നിഷ്പ്രയാസം അനുമാനിക്കാം. വസ്ത്രവും, ഭാണ്ഡവും കണ്ടാൽ ആൾ വല്ല ചില്ലറ പണിക്കാരനൊ മറെറാ ആയിരിക്കാമെന്നുഹിക്കാൻ വകയുണ്ട്. സംശയം ശരിതന്നെ യുവാവ് ലയൺസിലെ ഒരു വക്കീൽഗുമസ്തനാണ്. എങ്കിലും പാരീസിലെ 'ലാ'കാളേജിൽ ചേർന്നു പഠിക്കുന്നതിനായിപ്പോയ ഈ യുവഗുമസ്താവ് ആധുനികയുവാക്കന്മാരുടെ മാതൃകയും, സാധുജനസ്നേഹമയ വിൻസെൻറ് ദിപോൾസംഘത്തിന്റെ സ്ഥാപകനും ആയിത്തീർന്ന ഫ്രഡറിക്ക് ഓസാനം (Frederic Osanam) അല്ലാതെ മറെറാരുമല്ലായിരുന്നു. അദ്ദേഹത്തിന്റെ വിജയരഹസ്യം എന്തായിരുന്നുഎന്ന് അറിവാൻ ആഗ്രഹമില്ലാത്ത യാതൊരു സമുദായാഭിമാനിയും ഉണ്ടായിരിക്കയില്ല.

ഫ്രഡറിക്കിന്റെ പൂർവ്വികന്മാർ പൗരസ്ത്യരായിരുന്നെന്നും അവർ ഏഷ്യയിൽനിന്നും യൂറോപ്പിൽപോയി കുടിപാർത്തിട്ട് ഇപ്പോൾ അനേകശതവർഷങ്ങളായിട്ടുണ്ടെന്നുമുള്ളതിന് ചരിത്രലക്ഷ്യങ്ങളും ഉണ്ട്. ഫ്രഡറിക്കിന്റെ പിതാവിന്റെ പേർ അന്തോണി എന്നായിരുന്നു. അദ്ദേഹം നെപ്പോളിയന്റെ കീഴിൽ യുദ്ധംചെയ്ത പലേ ആക്രമണങ്ങളിലും അസാധാരണശൂരത്വം പ്രകടിപ്പിച്ചതിനാൽ നെപ്പോളിയന്റെ പ്രത്യേകകൃപാഭാജനമായി. എങ്കിലും ഒരു പ്രജാധിപത്യകാംക്ഷിയായിരുന്ന അന്തോണി, ഫ്രാൻസിനെ ഒരു സാമ്രാജ്യമാക്കി, തൽചക്രവർത്തിയാ

യിത്തീന്നെപ്പോളിയന്റെ കീഴിൽ ഉദ്യോഗംവഹിക്കാൻ കഴികയില്ലെന്ന് നിശ്ചയിച്ചു, ജന്മദേശമായ ലയൺസിൽചെന്ന താമസമുറപ്പിച്ചു.

അധികം താമസിയാതെ ഒരു വണിക്കിന്റെ പുത്രിയെ വിവാഹം ചെയ്തു. ഈ യുവതിയുടെ പേർ മേരിതന്തായെന്നായിരുന്നു. മറുപടിജീവനമാർഗ്ഗമൊന്നുമില്ലാതിരുന്നതിനാൽ അന്തോണിയുംതാന്താവീട്ടുകാരുടെ പണിയിൽത്തന്നെ ഏർപ്പെട്ടു. ഇപ്രകാരം ദമ്പതികളൊരുമിച്ചു വാണിജ്യം നടത്തി, അല്പകാലത്തിനുള്ളിൽ വേണ്ടധനം സമ്പാദിച്ചു രണ്ടുപേരുംകൂടി പാരീസിൽചെന്ന താമസമുറപ്പിച്ചു. അവിടെവച്ചു കടക്കാരനായ തന്റെ ഒരു ബന്ധുവിനെ സഹായിച്ചതിനാൽ സമ്പാദിച്ചതെല്ലാംതന്നെ നഷ്ടപ്പെട്ടുന്നതിനിടയായി. ഇക്കാലത്തു് അന്തോണിക്കു് ധാരാളം സന്താനസമ്പത്തുണ്ടായിരുന്നു. അവർ പാരീസ്സുവിട്ടു മിലാനിൽ വന്നതാമസമാക്കി. ഇവിടെവച്ചു് അന്തോണി ഫ്രഞ്ചുഭാഷ പഠിപ്പിച്ചാണ് കാലക്ഷേപം ചെയ്തുവന്നതു്. അല്പമായ ചികിത്സാവിധികളും അറിയാമായിരുന്നതിനാൽ ഉപാദ്ധ്യായവൃത്തിയോടുകൂടി വൈദ്യവൃത്തിയുംതുടങ്ങി. ചികിത്സയിൽ കൂടുതൽ വിജയം കണ്ടതിനാൽ ഉപാദ്ധ്യായവൃത്തി ഉപേക്ഷിച്ചു. ഇക്കാലത്തു മിലാനിൽ അതിഭയങ്കരമായ സാംക്രമികവ്യാധി പിടിപെട്ടു. പട്ടണം മുഴുവൻ അതു വ്യാപിച്ചു. ആസ്പത്രിയിലെ രണ്ടു ഡാക്ടർമാരും ഈ മഹാമാരി പിടിപെട്ടു. കാലഗതി പ്രാപിച്ചതിനാൽ രോഗികളെ പരിചരിക്കുന്നതിനു വൈദ്യന്മാർ ഇല്ലാതായി. ജനനാൽതന്നെ ആർദ്രചിത്തനായ അന്തോനി ഉടനെ ആസ്പത്രിയിൽ ചെന്നു ദീനക്കാർക്കു് സൌജന്യമായി മരുന്നുകൊടുത്തു അവരെ പരിചരിക്കാൻ തുടങ്ങി. സാധുക്കളെ സ്വഗൃഹത്തിൽ കൊണ്ടുചെന്നു ചികിത്സിച്ചു. ഇങ്ങനെ കുറെയായപ്പോൾ അദ്ദേഹത്തിന്റെ വീട്ടു് അഗതികളാലും, രോഗപീഡിതരാലും നിറയപ്പെട്ടു. ഇവരുടെ രോദനങ്ങളുടേയും മർമ്മഭേദകമായ പ്രലാപനങ്ങളുടേയും മദ്ധ്യേയായിരുന്നു നമ്മുടെ കഥാനായകന്റെ ജനനം. 1813 മേടമാസം 13-ാംതിയതിയായിരുന്നു ഈ ശുഭദിനം. ഇക്കാലത്തു ഓസ്ട്രീയാക്കാർ മിലാനിനെ ആക്രമിച്ചതിനാൽ ഓസ്സാനവും കുടുംബവും വീണ്ടും ലയൺസിൽത്തന്നെ ചെന്നു പാർക്കേണ്ടിവന്നു. അന്തോണിഓസ്സാനാമിന്റെ ചരമഗതിതന്നെ, നിർദ്ധനരും, രോഗപീഡിതരുമായിട്ടുള്ളവരെ പരിചരിച്ചുകൊണ്ടിരുന്ന ഒരു സന്ദർഭത്തിലായിരുന്നു. അന്തോണിക്കു താന്തയിൽ ആകെ 14 സന്താനങ്ങളാണുണ്ടായതു്. ഇവരിൽ പുത്രികളായിരുന്ന 11 പേരും ചെറുപ്പത്തിലെതന്നെ പരലോകം പ്രാപിച്ചു. ശേഷിച്ച മൂന്നുപുത്രന്മാരിൽ ഫ്രഡറിക്കു് (Frederic) രണ്ടാമനാണ്.

ബാല്യംമുതൽതന്നെ ദീനാനുകമ്പ ഈ ബാലനിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അദ്ദേഹത്തിന്റെ ജനനവും സാധുജനമദ്ധ്യത്തിലായിരുന്നല്ലൊ. പാവപ്പെട്ടവരുടെ കഷ്ടാവസ്ഥയെ കണ്ടുകൊണ്ടിരിക്കുന്നതു നമ്മുടെ ബാലനു മർമ്മഭേദകമായിരുന്നു. ഫ്റഡറിക്ക് ചെറുപ്പത്തിൽ ഒരു തന്നിഷ്ടക്കാരനായിരുന്നു. പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു ദ്വാപരാധത്തെ സമ്മതിക്കുന്നതിനു വലിയ വൈമനസ്യം കാണിച്ചിരുന്നു. തന്റെ ബാല്യത്തെക്കുറിച്ചു ഫ്റഡറിക്ക്തന്നെ എഴുതീട്ടുണ്ട്.—"എന്റെ ജീവൻ പോയാലും എനിക്ക് തെറ്റിപ്പോയിയെന്ന് ഞാൻ സമ്മതിക്കയില്ല. ഞാൻ ക്ഷിപ്രകോപിയും സ്വാതന്ത്ര്യപ്രഭുവും ദുശ്ശീലനും ആയിരുന്നു. കളിയിലും വിനോദങ്ങളിലും എനിക്കു അത്യാസക്തിയുണ്ടായിരുന്നു. പക്ഷേ പഠനത്തിൽ ഞാൻ കേവലം ഒരു 'ആനമടിയ'നുമായിരുന്നു." സഹപാഠികളുടെ വിജയവും പരിഹാസവുംമൂലം ഫ്റഡറിക്ക് പൂർവ്വാധികം ശ്രദ്ധിച്ചു പഠിക്കുവാൻ തുടങ്ങി. അധികം താമസിയാതെ ക്ലാസ്സിൽ ഒന്നാംസ്ഥാനത്തിനും അദ്ദേഹം അർഹനായി. ഫ്രഡറിക്കിന് കവിതാനിർമ്മാണത്തിൽ അസാധാരണവാസനയുണ്ടായിരുന്നു. മാതൃഭൂമിയോടും സ്വമതത്തോടും പ്രത്യേകം പ്രതിപത്തി ഉണ്ടായിരുന്നതിനാൽ ആ വിഷയത്തെ പുരസ്കരിച്ചു വളരെ വിശേഷമായി കാവ്യനിർമ്മാണം ചെയ്തുപോന്നു. ഈ സമയത്തു ഫ്റഡറിക്ക് വലിയ കേതനായിരുന്നു. ശിശുപ്രായത്തിൽതന്നെ ഫ്റഡറിക്കിന്റെ അമ്മ, മേരിതന്നെ, സ്വപുത്രനെ പ്രാർത്ഥനകൾ എല്ലാംതന്നെ ചൊല്ലിക്കൊടുത്തു പരിപ്പിച്ചു.

ഒരു ക്രൈസ്തവ യുവാവിന്റെ ജീവിതകാലത്തിലെ പ്രധാനസംഭവങ്ങളിലൊന്ന് ആദ്യകർബാനകൈക്കൊള്ളപ്പാടാണല്ലൊ. നെപ്പോളിയൻപോലും ഈ സുദിനത്തെ സർവപ്രധാനമായി കരുതിയിരുന്നു എന്നുള്ള സംഗതി സുപ്രസിദ്ധമാണ്. ഫ്റഡറിക്കിന്റെ ആദ്യകർബാനകൈക്കൊള്ളപ്പാടിനെക്കുറിച്ചു അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക:—"അനുഗൃഹീതവും പ്രസന്നവുമായ ആ സുദിനത്തെ ഞാൻ വിസ്മരിക്കുന്നു എങ്കിൽ എന്റെ വലതുകരം ശോഷിച്ചുപോകട്ടെ." ആദ്യത്തെ ദിവ്യകാരുണ്യസ്വീകരണത്തോടുകൂടി ഫ്രഡറിക്കിന്റെ ജീവിതത്തിൽ ഒരു വലിയമാറ്റംവന്നു. മുൻപു മുൻകോപിയും, സ്വതന്ത്രശീലനും, ദുസ്സ്വഭാവിയുമായിരുന്ന ഫ്രഡറിക്ക് തദനന്തരം സൗമ്യനും, ഉത്സാഹശീലനും, വിനീതനും ആയിത്തീർന്നു.

എങ്കിലും ഈ മാറ്റം ഇടയ്ക്കു വ്യതിചലിക്കാതിരുന്നില്ല. അഹംഭാവവും, അക്ഷമതയും ഓരോ സന്ദർഭങ്ങളിൽ അല്പാല്പമായി പിന്നെയും

അദ്ദേഹത്തിൽ സ്ഫുരിച്ചുതുടങ്ങി. ഈ കാലത്തു ഫ്രാൻസിൽ മതവിരോധികളും, അവിശ്വാസികളും ധാരാളം ഉണ്ടായിരുന്നു. അവരുടെ ദുർമാതൃകകളും ഓദ്യാനാമിനെപ്പോലെയുള്ള പലേ കത്തോലിക്കായുവാക്കന്മാരുടെയും മതവിശ്വാസത്തെ ഇളക്കിമറിച്ചു. ഇതോടുകൂടെ ഫ്രെഡറിക്കിനു മുമ്പുണ്ടായിരുന്ന മനഃസ്വാസ്ഥ്യം നഷ്ടീഭവിക്കയുംചെയ്തു. അവിശ്വാസത്തിൽ നിന്നുദ്ഭവമായ ഈ മനോവ്യഥ ഏതെന്നാമസിയാതെ പരമകാഷ്ഠയെ പ്രാപിച്ചതിനാൽ എന്തുചെയ്യണമെന്നറിയാതെ ശോകപരവശനായി നടക്കുമ്പോൾ സമീപെ ഒരു ദേവാലയം കാണുന്നതിനിടയായി. ആ പ്രാർത്ഥനാമന്ദിരത്തിൽ കയറി ബലിപീഠത്തിനടുത്തുചെന്നു മുട്ടിന്മേൽ നിന്നുകൊണ്ടു് "ആ! എന്റെ ദൈവമെ! സത്യത്തെ ദർശിക്കുന്നതിനുള്ള പ്രകാശം അവിടുന്നു എനിക്കു നൽകുന്നതായാൽ അതിന്റെ സംസ്ഥാപനാർത്ഥം എന്റെ ആയുഷ്കാലം മുഴുവനും ഞാൻ വിനിയോഗിക്കുന്നതാണ്." എന്നു മനസ്താപത്തോടും വിശ്വാസത്തോടുംകൂടി പ്രാർത്ഥിച്ചു ഈ ഹാർദ്ദമായ പ്രാർത്ഥന ദൈവം കൈക്കൊള്ളാതിരുന്നില്ല. സ്വപ്രതിജ്ഞയെ ഓദ്യാനം ആജീവനാന്തം പാലിക്കയുംചെയ്തു.

ക്രി-വംശതാബ്ദത്തിന്റെ അവസാനഘട്ടത്തിലെ പരന്ത്രീസ് സഭാചരിത്രം പരിശോധിക്കുന്ന പക്ഷം കത്തോലിക്കാമതത്തിന്റെ അവസ്ഥതീരെ അനാശാസ്യമായിരുന്നുഎന്നു മനസ്സിലാക്കാൻ കഴിയും. ഈശ്വരൻ എന്നപദംപോലും ഉച്ചരിച്ചുപോകരുതെന്നു നിയമമുണ്ടായിരുന്നു. 'ദൈവം' 'സ്വർഗ്ഗം' 'ആത്മാവു്' ഇത്യാദി പദങ്ങളെ മാറ്റി തൽസ്ഥാനങ്ങളിൽ 'ജനാധിപത്യം' 'ഫ്രാൻസു്' 'പൌരൻ'എന്നാവാക്കുകൾപ്രയോഗത്തു. ബാലന്മാർ താന്തോന്നികളായും വളർന്നുവന്നു. സാന്മാർഗ്ഗികജീവിതത്തിന്റെ മൂലതത്വങ്ങളെ ബഹിഷ്കരിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഫലം ഇതല്ലെങ്കിൽ പിന്നെയെന്താണ്? ദേവാലയങ്ങളിൽ പോകുന്നതിനു ധൈര്യമുള്ള വിശ്വാസികളൊ മതകർമ്മം നടത്തുന്നതിനു ധീരതയുള്ള വൈദികരൊ അധികമില്ലാതായി. എവിടെ നോക്കിയാലും നാസ്തികന്മാരെ മാത്രമെ കാണ്മാനുണ്ടായിരുന്നുള്ളു. കത്തോലിക്കാസഭയുടെ കാലം കഴിഞ്ഞുപോയെന്നും മറ്റും ഭീർഘദർശനങ്ങളും ഉണ്ടായി. ഫ്രാൻസിൽ ചെങ്കോലും മതവും ഏകീകൃതമായിരുന്നുഎന്നു വേണം പറയാൻ. ഇതിനാൽ ഒന്നുപോയാൽ മറ്റതും പോകുമെന്നുള്ള നിലയായി. വൈദികകർമ്മങ്ങൾതന്നെ രാജാനുമതിയോടെയാണ് നടത്തിവന്നതു്.

ദൈവത്തിന്റെ സമയം ഇതാ സമീപിക്കുന്നു. വാട്ടർലോ അടുക്കുന്നു നെപ്പോളിയന്റെ ഭാഗ്യനക്ഷത്രം അംബരമദ്ധ്യത്തിലൂടെ അസ്തമ

നപർവതത്തിലേയ്ക്ക് പാഞ്ഞോടുന്നു. ക്രിസ്തുവിന്റെ സഭ പുനരുത്ഥാനം ചെയ്യുന്നു. ബൂർബോൺരാജകുടുംബം വീണ്ടും (ഫ്രഞ്ചുകിരീടം) ധരിച്ചു. വിദ്യാഭ്യാസസ്വാതന്ത്ര്യം നല്കപ്പെട്ടു. ദേവാലയങ്ങൾതുറക്കപ്പെട്ടു. എവിടെയും മതപ്രസംഗങ്ങൾ മാറ്റൊലിക്കൊണ്ടു. കത്തോലിക്കമതം രാജമതമായി.

പക്ഷേ ഒരിക്കൽ വിനഷ്ടമായ വിശ്വാസത്തെ പുനഃസ്ഥാപിക്കുന്നതുകൊണ്ടും അതു ക്ഷണസാദ്ധ്യമല്ലല്ലൊ ഈ ഉദ്ഗ്രന്ഥങ്ങളിൽ മനുഷ്യഗണത്തെ സത്യപഥത്തിൽക്കൂടെ നയിക്കുന്നതിനു ദൈവം പല മഹത്തുക്കളേയും അവതരിപ്പിക്കുക സാധാരണമാണെന്നുള്ളതിനു ലോകചരിത്രം ലക്ഷ്യമാണ്. ഫ്രഡറിക്ക് ഓസാനം ഈ മഹത്തുക്കളുടെ കൂട്ടത്തിൽ പ്രധാനസ്ഥാനം വഹിച്ച ഒരാളാണ്. ഓസാനാമിന്റെ തുലികാബലം മതവൈരികളെ സൽപന്ഥാവിലേയ്ക്കു നയിച്ചു. ഓസാനം അദ്ദേഹത്തിന്റെ പ്രതിജ്ഞ ഈ സന്ദർഭത്തിൽ സഫലീകരിച്ചു.

വിനയം ഒരു മഹാശയലക്ഷണമാണെങ്കിൽ പരഭാഗനൈരാശ്യം അതിലൊട്ടും താണപടിയല്ല. സമപ്രായക്കാർ നാടകശാലകളിലും മറ്റും വിനോദിച്ചുകൊണ്ടിരിക്കുന്ന സമയങ്ങളിൽ ഫ്രഡറിക്ക് സമസ്തക്ലേശങ്ങളുടെ കഷ്ടതകളെഓർത്തു വിലപിക്കുകയായിരിക്കും. പാരീസുപട്ടണത്തിലെ നിർദ്ധനന്മാരുടെയും ഭിക്ഷുക്കളുടെയും ജീവിതരീതിയെ ദർശിച്ചുകൊണ്ടിരുന്ന ഫ്രഡറിക്കിന് അവരുടെ ദയനീയാവസ്ഥയെ വിസ്മരിക്കുന്നതിന് എങ്ങനെ സാധിക്കും? അവരെ സഹായിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കാൻ അദ്ദേഹം എത്രമാത്രം സമയം ചെലവഴിച്ചുഎന്നു പറയാൻ പ്രയാസം. പാരീസിലുണ്ടായിരുന്ന കലാശാലകളിലെ നിരീശ്വരവാദികളായ പ്രൊഫസന്മാരുടെ ആക്ഷേപങ്ങൾക്ക് സമാധാനം പറയുന്നതിൽ ഓസാനം പ്രദർശിപ്പിച്ച അസാധാരണമായ മനോദാർഢ്യവും ഔചിത്യബുദ്ധിയും നിമിത്തം വിദ്യാർത്ഥികൾക്കും അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ വളരെ മടങ്ങു വർദ്ധിച്ചു. മതോൽകർഷത്തിനുവേണ്ടി പരിശ്രമിക്കുന്നതിനു ഉറച്ചുകൊണ്ട് ഒട്ടേറെ യുവാക്കന്മാർ ഓസാനാമിന്റെ ക്രൂടേഫോന്സ്, ഇവരൊന്നിച്ചു മതസംബന്ധങ്ങളും സാമുദായികങ്ങളുമായ വിഷയങ്ങളെക്കുറിച്ചു പലപ്പോഴും വാദപ്രതിവാദങ്ങൾ നടത്തുക പതിവായിത്തീർന്നു. ഇതിനൊരു തക്കസ്ഥലം ഇല്ലാതെ വിഷമിച്ചിരിക്കയിൽ തത്വശാസ്ത്രാദ്ധ്യാപകനും 'ടൈബുൺകാത്തലിക്ക്' (Trune Catholic) എന്നപത്രത്തിന്റെ അധിപരും മൃദുലഹൃദയമാനേജരുമായ ബെയീലീയുടെ പരിചയം ഓസാനാമിനു ലഭിച്ചു. മതവിഷയങ്ങളെക്കുറിച്ചു പ്രതിവാദം ചെയ്യുന്നതിനും മറ്റും സ്ഥലസൗകര്യമില്ലാതെ ഓസാനം

ഞെരുങ്ങുന്നുഎന്ന കേട്ടപ്പോൾ "എന്റെ വകപത്രാധിപമന്ദിരം നിങ്ങൾക്കായി വിട്ടുതന്നേക്കാം" എന്ന് ഉദാരമനസ്കനായ ഇദ്ദേഹം വാഗ്ദാനംചെയ്തു. ഇങ്ങനെ 'ബെയിലീ' മന്ദിരത്തിൽ വിദ്യാർത്ഥികൾ വാദപ്രതിവാദവും അഭിപ്രായപ്രകടനങ്ങളും നടത്തിവന്നു. കുറെ കഴിഞ്ഞപ്പോൾ പബ്ലിക്കുസ്ഥലങ്ങളിൽവച്ചു പ്രസംഗങ്ങൾ നടത്തുന്നതിനു തക്ക പരിചയവും പാണ്ഡിത്യവും ഇവർക്ക് സിദ്ധിച്ചു. അനവധി ജനങ്ങൾ പ്രസംഗങ്ങൾ കേട്ട് ആനന്ദിക്കുന്നതിനായി വന്നുതുടങ്ങി.

കത്തോലിക്കരുടെ സ്ഥിതി ഇങ്ങനെ ഒന്നിനൊന്നു അഭിവൃദ്ധി പ്രാപിച്ചുവരുന്നതു കണ്ടുകൊണ്ട് മതവൈരികൾ ഒട്ടുംതന്നെ ഉദാസീനന്മാരായിരുന്നില്ല. പാരീസ് കലാശാലകളിലെ പ്രൊഫസറന്മാർ വീണ്ടും മതത്തേയും ഈശ്വരപ്രകാശനത്തെയും (Divine Revelation) യഥാവസരം അധിക്ഷേപിച്ചുകൊണ്ടുതന്നേയിരുന്നു. വാദപ്രതിവാദമദ്ധ്യേ, യുക്തിയിലും, ചരിത്രജ്ഞാനത്തിലും പരാജിതരാകുമ്പോൾ 'ഫലത്തിൽനിന്നുവേണം വൃക്ഷത്തിന്റെ ലക്ഷണമറിവാൻ; അതിനാൽ വാക്കുകൾക്കനുരൂപമായ സൽപ്രവൃത്തികളെവിടെ?" എന്നു ചോദിച്ചു കത്തോലിക്കു യുവാക്കളെ ആ പ്രൊഫസറന്മാർ അധിക്ഷേപിച്ചു.

ഈ കേട്ടപ്പോൾ വല്ല സൽപ്രവൃത്തികളും ഉടനെ തുടങ്ങണമെന്നു ഓസാനം നിശ്ചയിച്ചു് സ്വസ്നേഹിതന്മാരോട്ട് ഈ അഭിപ്രായംപറഞ്ഞ മാത്രയിൽ "അങ്ങനെതന്നെ" എന്നു ഐകകണ്ഠ്യേന സമ്മതിക്കയും ചെയ്തു. പിറ്റേദിവസം ബെയിലിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി. ഇതു് ഫ്രാൻസിനു ഇടവത്തിലായിരുന്നു.

ഈ യോഗം ഇപ്പോൾ ജഗൽപ്രസിദ്ധമായിരിക്കുന്ന "സെൻറ് വിൻസെൻറ് ദി പോൾ" സംഘത്തിന്റെ ഒന്നാമത്തെ കോൺഫെറൻസായിത്തീരുമെന്നു്, പ്രസിദ്ധനായ ബെയിലിയൊ, യുവാവായ ഓസാനാമോ ഒട്ടുംതന്നെ വിചാരിച്ചില്ല. ഫ്രഡറിക്കിന്റെ അത്യുത്സാഹത്താൽ പ്രേരിക്കപ്പെട്ടിട്ടാണെങ്കിലും സാധാരണന്മാരായ ഏഴെട്ടു യുവാക്കന്മാർക്കുടി ആരംഭിച്ച 'പിള്ളേരുകളി' എന്നു മാത്രം വിളിക്കപ്പെടാവുന്ന പ്രസ്തുത സമ്മേളനവും സെൻറ് വിൻസെൻറ് ദിപോൾ സംഘത്തിന്റെ ജന്മനക്ഷത്രവും ഒന്നുതന്നെയെന്നു് പറഞ്ഞുകേൾക്കുമ്പോൾ ആർക്കാണു് അത്ഭുതം തോന്നാത്തതു്? ഈശ്വരപ്രേരിതമായ ഏതു പ്രവൃത്തിയുടേയും സ്ഥിതി ഇപ്രകാരമേ വരികയുള്ളു.

"തന്നോടുപ്പോലെതന്നെ അയൽക്കാരനേയും സ്നേഹിക്കുക" എന്നുള്ള ഈശ്വരശാസനത്തെ പ്രവൃത്തിയിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങളെ വ്യവസ്ഥ ചെയ്യുകയായിരുന്നു ഈ യോഗത്തിന്റെ മുഖ്യോദ്ദേശ്യം ഈ

വാക്യാനുസാരം ആജീവനാന്തം പ്രവത്തിച്ച സെൻറ് വിൻസെൻഷ്യ പോളിനെ അവർ രക്ഷകനായി തിരഞ്ഞെടുക്കയുംചെയ്തു. നിർദ്ധന രുടെ മാതാവു എന്ന സുപ്രസിദ്ധയായിരുന്ന 'ഉപവി'യുടെ കന്യക 'റോസലിയാ'യുടെ ഉപദേശപ്രകാരം ഇപ്പോൾ നിലവിലിരിക്കുന്ന സെൻറ് വിൻസെൻഷ്യ ദിപോൾസംഘത്തിനുള്ള പ്രധാനപ്രാരംഭവ്യവസ്ഥകൾ രേഖപ്പെടുത്തി.

നമ്മുടെ കഥാനായകന്റെ അവസാന ഘട്ടംഅടുത്തു. ജീവിതം പോലെതന്നെ മരണവും ക്രൂരമെ. ചിങ്ങമാസം പകുതിയായി, ഫ്റഡറിക്കിന് എഴുനേറ്റു നടക്കാൻ വഹിയാ. എങ്കിലും ക്ഷ-ാംതീയതി വൈകുന്നേരമായപ്പോൾ പിറേറദിവസം പള്ളിയിൽ നടന്നുചെന്നു വിശുദ്ധകുർബാന കാണണമെന്ന് ആഗ്രഹിച്ചു. ഭാര്യ തടസ്സം പറഞ്ഞിട്ടും സമ്മതിച്ചില്ല. "ഇതു എന്റെ ഒടുവിലത്തെ കാൽനടയായിരിക്കും; അതു ഒരു ദേവാലയത്തിലേയ്ക്കാകട്ടെ; അതു മാതാവിന്റെ ആരോഹണത്തിരുനാളായ നാളത്തന്നെവേണംതാനും" ഇങ്ങനെ പറഞ്ഞു ഫ്റഡറിക്ക് കാൽനടയായി പള്ളിയിൽ വരുന്നുഎന്നു ഇടവകക്കാർ കേട്ടുടനെ അവർ വഴിയിൽ അണിഅണിയായി നിന്നു നിന്നു. അദ്ദേഹം മന്ദംമന്ദം നടന്നപ്പോൾ ഓരോരുത്തരും തൊപ്പിയെടുത്തു ഈ പുരുഷോത്തമനെ—ലോകൈകധർമ്മിഷ്ടനെ—ആചാരംചെയ്തു. ഈ പ്രവൃത്തി കണ്ടപ്പോൾ അദ്ദേഹം വാവിട്ടു കരഞ്ഞുപോയി.

ഇതിലും ഹൃദയസ്പർശകമായ മറെറാരുസംഭവം ഓസാനാമിനെ വിസ്മയിപ്പിച്ചു. ഈ പള്ളിയുടെ മുൻപിലത്തെ വികാരിഅച്ചൻമരണക്രൂപത്തിലേയ്ക്കു ഒരു കാലു ഊന്നിയിരിക്കുകയായിരുന്നു. ഫ്റഡറിക്ക് വിശുദ്ധകുർബാന കൈക്കൊള്ളുവാൻ വന്നുഎന്നു കേട്ടക്ഷണത്തിൽ "എന്നെ എഴുനേൽപ്പിക്കുക, അദ്ദേഹത്തിനു കുർബാന ഞാൻ കൊടുത്തുകൊള്ളാം, ആ ഭാഗ്യം എനിക്കുതന്നെവേണം" എന്നുപറഞ്ഞു സമീപസ്ഥരുടെ സഹായത്തോടുകൂടി സ്ഥാനവസ്ത്രവും ധരിച്ചു ആ വൃദ്ധവൈദികൻ ബലിപീഠത്തിങ്കലേക്കു പുറപ്പെട്ടു. ആസന്നമരണനായ വൈദികന്റെ ദിവ്യകാരുണ്യപ്രദാനവും, മരണാസന്നനായ വിശ്വാസിയുടെ സ്വീകരണവും അദ്ഭുതപൂർവ്വമായിരുന്നതുപോലെതന്നെ വ്യസനസംപൂർണ്ണവുമായിരുന്നു. എന്തെന്നാൽ വികാരിഅച്ചൻ പിന്നീടു ഒരിക്കലും കണ്ടില്ല; ഫ്റഡറിക്ക് പിന്നീടു പള്ളിയിൽ കയറീട്ടുമില്ല.

ക്രൂരമെ കന്നിമാസമായി. ഓസാനാമിന്റെ ചരമാവധി അടുത്തുവരുന്നു. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ ഇന്നാണ്. ബെയിലിയും, ഫാദർ ആൽഫോൻസും, മറെറാആപ്തമിത്രങ്ങളും ദീനമുറിയിലുണ്ട്. അടുത്ത മുറിയിൽ തന്റെ ആത്മീയ സഹോദരങ്ങളായ സെൻറ്

നിങ്ങൾക്കു പരിശുദ്ധാത്മാവിയോടു ഭക്തിയുണ്ടോ?

ആറിപ്പോയ സ്നേഹാഗ്നിയെ മനുഷ്യഹൃദയങ്ങളിൽ വീണ്ടുംഎരിയിക്കുവാനായി മുഖ്യമാകെ ചുറ്റിസഞ്ചരിച്ചു പ്രസംഗിക്കുന്ന, ഈ. തിരുഹൃദയത്തിന്റെ പ്രത്യേക അപ്പസ്തോലനും ലോകപ്രസിദ്ധനുമായ ഫാദർ മത്തേയൊ ക്രൌളി, കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ ചങ്ങനാശേരിൽവച്ചു നടത്തിയ ധ്യാനത്തിന്റെ ആദ്യദിവസത്തിൽ, ബ. അച്ചന്മാരോടായിട്ട് ചോദിച്ച ഒരു ചോദ്യമാണ് ഈ ലേഖനത്തിന്റെ തലവാചകം "നിങ്ങൾക്കു പരിശുദ്ധാത്മാവിയോടു ഭക്തിയുണ്ടൊ"? എന്നു ചോദിച്ചശേഷം ഏതാണ്ടിപ്രകാരം അദ്ദേഹം പറഞ്ഞുതുടങ്ങി. "ബ. അച്ചന്മാരെ! പലേ ഭക്തികളും നിങ്ങൾക്കുണ്ടായിരിക്കാം. ദൃഷ്ടാന്തമായി: പ. കന്യകാമറിയത്തോടു, വി. കൊച്ചുത്രേസ്യായോട്, വി. അന്തോനീസിനോട്, കാവൽമാലാഖായോട്, എന്നിങ്ങനെ പ്രത്യേകഭക്തികളും. കൊള്ളാം. എല്ലാം നല്ലതു്. ആവശ്യംതന്നെ. എന്നാൽ പരിശുദ്ധാത്മാവിനോടുള്ള ഭക്തി നിങ്ങൾക്കില്ലെങ്കിൽ, ഇന്നുമുതൽ അതുണ്ടാകുവാൻ ശ്രമിപ്പിൻ. ദൈവമാതാവായ കന്യകാമറിയത്തോടുള്ള ഭക്തി ഒഴിച്ചു കൂടാത്തതായി നിങ്ങൾ കരുതുന്നുവെങ്കിൽ, ആ നിർമ്മല അമ്മയാകുന്ന സെഹിയോന്റെ മാളികമുകളിൽ ശ്ലീഹന്മാരുടെ നായികയും അദ്ധ്യക്ഷയുമായിരുന്നുകൊണ്ട്—പരിശുദ്ധാത്മാവിയെ! അങ്ങു എഴുന്നള്ളി വരേണമെ—എന്നു വിളിച്ചപേക്ഷിച്ചതും ശ്ലീഹന്മാരെക്കൊണ്ടപേക്ഷിപ്പിച്ചതും എന്നുള്ള സംഗതി മറന്നുകളയരുതു്, പരിശുദ്ധാത്മാവിയാണ് അവളിൽ മഹൽകാര്യങ്ങളും പ്രവർത്തിച്ചതു്. നന്മയായവ

വിൻസെന്റ്ഡിപോൾ സംഘാംഗങ്ങളും സന്നിഹിതരായിരുന്നു. ഫ്റാഡറിക്കു് നിദ്രയിൽ ലയിച്ചവനെപ്പോലെ കിടക്കുന്നു. കുറച്ചുകഴിഞ്ഞു ഉണർന്നു. മധുരമായ ഒരു സ്വപ്നം പുറപ്പെട്ടുവികസിക്കുന്നു. "എന്റെ ദൈവമെ! എന്റെ ദൈവമെ! എന്റെ മേൽ അനുഗ്രഹിക്കേണമെ!" ഇതായിരുന്നു ഫ്റാഡറിക്കു് ഓസാനത്തിന്റെ അവസാന വാക്കുകളും. സമാധാനത്തിൽ ഈ ദിവ്യന്റെ ആത്മാവു് സമാശ്വസിക്കട്ടെ.

N. B. ചങ്ങനാശേരിയിൽ സ്ഥാപിതമായിരിക്കുന്ന "സെൻറ് വിൻസെൻറ്ഡിപോൾ" സംഘത്തിന്റെ ഒരു അസാധാരണയോഗത്തിൽ ടി. സംഘത്തിലെ ഒരു സഹോദരൻ മിസ്റ്റർ പി. എം. സിബാസ്റ്റ്യൻ ബി. എ. വായിച്ച പ്രസംഗം.

യെ അറിയുന്നതിനും, അനുസരിക്കുന്നതിനും, അനുവർത്തിക്കുന്നതിനും പരിശുദ്ധാത്മാവിനെ കൂടാതെ യാതൊരുത്തനും സാധിക്കയില്ല, "ഭൂലോകത്തിന്റെ എല്ലാഭാഗങ്ങളിലും പോയി പ്രസംഗിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ രാജ്യം സ്ഥാപിക്കുക" എന്നു കല്പിച്ചുകൊണ്ട് പതിനഞ്ചാം ബനഡിക്തോസ് മാപ്പിളപ്പാ എന്നെ ആശീർവദിച്ചയക്കയിൽ, ആ പരിശുദ്ധ പിതാവ് എന്റെ തലമേൽ അവിടത്തെ ഇരു കരങ്ങളും വച്ച് നന്നാ അമർത്തിക്കൊണ്ട് "പരിശുദ്ധാത്മാവിനെ! അങ്ങു എഴുന്നള്ളിവന്ന് നിന്റെ വിശ്വാസികളുടെ ഹൃദയങ്ങളെ സന്ദർശിക്കണമെ." എന്നുച്ചരിച്ച ആ വചനങ്ങളും ആ ഭക്തിരസവും ഒരിക്കലും ഞാൻ മറക്കുകയില്ല. ബ. അച്ചന്മാരെ! ഈ ധ്യാനം ഏറ്റവും ഫലപ്രദമായി കഴിക്കുന്നതിനുള്ള ദിവ്യവരം വരപ്രസാദത്തിന്റെ ആ അരൂപി നമുക്ക് ധാരാളമായി നൽകുന്നതിനുവേണ്ടി, നമ്മുടെ ഓരോ ധ്യാനപ്രസംഗങ്ങളുടെയും ആരംഭത്തിൽ മാത്രമല്ല അവസാനത്തിൽ കൂടെയും പരിശുദ്ധാത്മാവിനെ നാം കൂട്ടമായി വിളിച്ചു പ്രാർത്ഥിക്കണം. നമ്മുടെ ഹൃദയത്തെ നവീകരിക്കുന്നതിനും പുതിയ അരൂപിയെ പ്രാപിക്കുന്നതിനും ആയിട്ടാണല്ലൊ നാം ധ്യാനം കഴിക്കുന്നത്. എന്നാൽ ഭൂമുഖത്തെ നവീകരിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു കിട്ടിയില്ലെങ്കിൽ, ധ്യാനത്തിന്റെ ഉദ്ദേശ്യം സാധിച്ചുവെന്നു പറയാമൊ? "സർവേശ്വരാ! നിന്റെ അരൂപിയെ നീ അയക്കുക. അപ്പോൾ സകലവും സൃഷ്ടിക്കപ്പെട്ടും എന്നാല്ലയൊ തിരുസഭാമാതാവു നമ്മെക്കൊണ്ടു പ്രാർത്ഥിപ്പിക്കുന്നത്"?

അടുത്ത പ്രാവശ്യം പ്രസംഗത്തിനായി അദ്ദേഹം പ്ലാറ്റ്ഫാറത്തിൽ കയറി പരിശുദ്ധാത്മാവിനോടുള്ള ജപം ആരംഭിച്ചു. അച്ചന്മാർ ഉത്തരിച്ചു. ശേഷം ചൊല്ലിയതു ശരിയല്ല എന്ന ഭാവത്തിൽ വീണ്ടും അദ്ദേഹം ആരംഭിച്ചു ചൊല്ലി "പരിശുദ്ധാത്മാവിനെ! അങ്ങു എഴുന്നള്ളിവരിക" മുമ്പേപോലെ പിന്നെയും അച്ചന്മാർ ഉത്തരിച്ചു. പോരാ ഒരേസ്വരത്തിൽ, ഉയർന്സ്വരത്തിൽ എന്നു പറഞ്ഞുകൊണ്ട് വീണ്ടും അദ്ദേഹം ആരംഭിച്ചു. പരിശുദ്ധാത്മാവിനോടുള്ള ആ ജപം ചൊല്ലുമ്പോഴത്തെ അദ്ദേഹത്തിന്റെ മുഖഭാവവും സ്വരമാധുരിയുംതന്നെ സദസ്യരിൽ ആ ഭക്തിഭാവമുണർത്താൻ മതിയായവയാണ്.

ധ്യാനത്തിന്റെ മൂന്നാംദിവസവും പതിവുപോലെ പ്രസംഗപീഠത്തിൽ കയറി പ്രാർത്ഥിച്ചശേഷം ഇങ്ങനെ ആരംഭിച്ചു. "പ്രിയ പ്രിയ ബ. എന്റെ അച്ചന്മാരെ, ഇന്നത്തെ ദിവസം പരിശുദ്ധാത്മാവിനെ നാം പ്രതിഷ്ഠിക്കണം. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ് അയാം. ഒ! പരിശുദ്ധാത്മാവെ! ആശ്വാസപ്രദൻ! ദൈവദാതാവ്! മാസത്തിലൊരിക്കലെങ്കിലും പരിശുദ്ധാത്മാവിന്റെ കുർബാന വായിക്കണം. ആണ്ടിലൊരു ദിവസം പരിശുദ്ധാത്മാവിനെ പ്രതിഷ്ഠി

ക്കണം, "മാതാവിനും, യൌസേപ്പുപിതാവിനും, മാലാഖായ്ക്കും വി. കൊച്ചുത്രേസ്യായ്ക്കും എന്നിങ്ങനെ പ്രതിഷ്ഠിച്ചു" ആളയിൽ ഇനി ദിവങ്ങളും മിച്ചമില്ല" എന്നു നിങ്ങൾ പറയുമായിരിക്കും. ഞാൻ പറയുന്നു. ഞാൻ കൊച്ചുത്രേസ്യായുടെ തികഞ്ഞ ഭക്തനാണ്. പുണ്യവതിയുടെ സഹോദരനെന്നു സ്വയം അഭിമാനിക്കുന്നു. ഉവ്വോ! വിശുദ്ധയുടെ പടം എപ്പോഴും മുമ്പിൽവച്ചു്, അപ്പസ്തോലവൃത്തിയിൽ മാതൃകയായി അവളെ നിങ്ങൾക്കു ചൂണ്ടികാണിച്ചുകൊണ്ടാണല്ലൊ ഞാൻ സംസാരിക്കുന്നതു്. ഈ ഞാൻ തന്നെ പറയുന്നു. ആഴ്ചയിലെ ദിവസങ്ങളും തികയുകയില്ലെങ്കിൽ, നിങ്ങളുടെ ഹൃദയപീഠങ്ങളിൽനിന്നും കൊച്ചുത്രേസ്യയെ താഴത്തിറക്കി വച്ചിട്ടു് ആ ദിവസം പരിശുദ്ധാത്മാവിനു കൊടുക്കുക. അതെ അങ്ങനെ തന്നെ ചെയ്യുക. എന്തെന്നാൽ ഭക്തിക്കു ക്രമം വേണം. അതാതിന്റെ സ്ഥാനം ഒരോന്നിനും നൽകണം. ഭക്തി യുക്തിഹീനമായിരിക്കരുതു. വി. കുർബാന, പരിശുദ്ധാത്മാവു, കന്യകമറിയം ഇങ്ങനെയാണു് ഭക്തി ക്രമീകരിക്കേണ്ടതു്. നമ്മുടെ നിർമ്മലയായ അമ്മയുടെ അഭിപ്രായമെന്തെന്നു നിങ്ങൾ ചോദിക്കുക. പരിശുദ്ധാത്മാവിയുടെ ജപമാല നിങ്ങൾക്കറിയാമൊ? അതു് എളുപ്പമാണു്. നിങ്ങൾ ഉപയോഗിക്കുന്ന സാധാരണ കൊന്തകയിൽ എടുക്കുക. ആദ്യം വിശ്വാസപ്രമാണം ചൊല്ലുക. ആകാശ....നമസ്കാരത്തിന്റെ സ്ഥാനത്തു ത്രിത്വസ്തുതിയും, ഓരോ നന്മനിറഞ്ഞമറിയമെ എന്ന ജപത്തിനു പകരം "ഹൃദയക്കുടശാന്തപുരാനെ നീ എഴുന്നള്ളിവരിക. നിന്റെ വിശ്വാസികളുടെ ഹൃദയങ്ങളെ നീ നിറയ്ക്കുക. നിന്റെ സ്നേഹത്തിന്റെ അഗ്നിയെ അവരിൽ കത്തിക്കുക." എന്നിപ്രകാരം ചൊല്ലുക. കണ്ടാലും! എത്ര മനോഹരവും വാത്സല്യാദരങ്ങളും പൊഴിയിക്കുന്നതുമായ ഭക്തിയാണ് ഇതു്. ബ. എന്റെ അച്ചന്മാരെ! നിങ്ങൾക്കുവേണ്ടിഞാൻ പ്രാർത്ഥിക്കുന്നുണ്ടെന്നറിഞ്ഞാലും, രണ്ടുസംഗതികളാണു് ഞാൻ ചോദിക്കുന്നതു്. പ്രകാശവും, ചൂടും അതെ, ബോധത്തിനു പ്രകാശവും, ഹൃദയത്തിനു എരിവും, ഇവരണ്ടുംതന്നെ. പരിശുദ്ധാത്മാവു അല്ലാതെ മറ്റാരാണ് ഇവരതിക വിശ്വാസികളുടെയും ശാസ്ത്രികളുടെയും ഇടയിലും, പട്ടക്കാരുടെ ഇടയിൽതന്നെയും, വേണ്ടപ്പെട്ട അറിവും എരിവും വേണ്ടിടത്തോളം ഇല്ലെന്നു പലപ്പോഴും നമുക്കു് അനുഭവപ്പെടുന്നില്ലയെ? അവക്കു് ബുദ്ധിവിലാസമുണ്ട്. മഹാമനസ്കതയ്ക്കു കുറവില്ല. സാമർത്ഥ്യം വേണ്ടുവോളം. പുസ്തകങ്ങളും പത്രങ്ങളും ഒട്ടും പോരായ്മയില്ല പിന്നെ എന്തുകൊണ്ടു് വേണ്ടതായ അറിവും തീക്ഷ്ണതയും അവക്കില്ല? കാരണം; പരിശുദ്ധാത്മാവി അവരിൽ പ്രസാദിക്കുന്നില്ല ആ ആത്മാവിയെ അവക്കു ലഭിച്ചിട്ടില്ല. ഒ! പരിശുദ്ധാത്മാവിയോടുള്ള ഹൃദ്യമായഭക്തി, ഏറ്റവും വലിയഭക്തി നിങ്ങൾക്കുണ്ടാകട്ടെ,

സി. എ-സി. പ്രതിനിധിസംഘം
വാർഷികസമ്മേളനം

ചങ്ങനാശേരി ത്രുപതാകത്തോലിക്കപ്രവത്തനസഖ്യത്തിന്റെ കേന്ദ്രസമിതിയുടെ പ്രഥമവാർഷികസമ്മേളനം സെപ്തംബർ 17-ാംതു സ്ഥലം എസ്. ബി. കോളജിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു.

കാലത്തു 10 മണിക്കു ജനറൽകൗൺസിൽകൂടി പൊതുയോഗത്തിന്റെ പശ്ചാലോചനയ്ക്കു വിഷയീഭവിപ്പിക്കേണ്ട വിഷയങ്ങൾ നിശ്ചയിച്ചു. ഉച്ചകഴിഞ്ഞു രണ്ടുമണിക്കു പ്രസിഡണ്ടു മി. റവി. ജെ. മാത്യൂവിന്റെ അദ്ധ്യക്ഷത്തിൽ പൊതുയോഗം ആരംഭിച്ചു. യോഗത്തിൽ 120 പ്രതിനിധികളോളം സന്നിഹിതരായിരുന്നു. ഈശ്വരപ്രാർത്ഥന, സ്വാഗതപ്രസംഗം, ഉപക്രമപ്രസംഗം ഇവകഴിഞ്ഞു് ജനറൽ സെക്രട്ടറി റവ. ഫാദർ സിറിയക്കു തുരുത്തുമാലിൽ വാർഷികറിപ്പോർട്ടു ഹാജരാക്കി. പ്രസ്തുതറിപ്പോർട്ടിലെ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധേയങ്ങളാകുന്നു.

സി. എ. സി. സംഘടനയിൽ ആകെ ഇപ്പോൾ 208 ശാഖാസംഘങ്ങൾ ഉണ്ടു്. അടുത്തകാലത്തു സി. എ സി. യിൽ വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേകവിഭാഗം ആരംഭിച്ചതിന്റെ ഫലമായി വിദ്യാലയങ്ങളിൽ നൂതനശാഖകൾ സ്ഥാപിച്ചുവരുന്നു. പ്രതിമാസയോഗത്തിനു പുറമെ മതാദ്ധ്യാപനം, കത്തോലിക്കപ്രസിദ്ധീകരണപ്രചരണം, മതപ്രസംഗം, ദരിദ്രസംരക്ഷണം ആദിയായ പ്രവത്തനങ്ങൾ പല ശാഖാസംഘങ്ങളും നടത്തുന്നുണ്ടു്. ജനറൽ കൗൺസിലിന്റെ നാലും, ജ. കൗൺസിലും ശാഖാസംഘപ്രസിഡൻറ്സും ചേന്നു് ഒന്നും കാഴ്ചാലോചനായോഗങ്ങൾ ഇതേവരെ നടന്നിട്ടുണ്ടു്. പ്രസ്തുത യോഗങ്ങളിൽ ജ. കൗൺസിലിനു ഒരു നക്കൽനിബന്ധന ക്രോഡീകരിക്കുന്നതിനു് ഒരു കമ്മറ്റി ഏർപ്പെടുത്തുകയും, സി. എ. സി. ക്കു് ഒരു മൂലധനം ശേഖരിക്കുന്നതിനെപ്പറ്റിയും, ക. പ്രവർത്തനത്തിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ആലോചിക്കയും സാമാന്യമായ പല പ്രവത്തനോപാധികളും നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടു്. രക്ഷാധികാരിതിരുമനസ്സിലെ ആജ്ഞ അനുസരിച്ചു് ജ. സെക്രട്ടറി അറുപതോളം പ്രാദേശികസംഘങ്ങൾ സന്ദർശിച്ചു. സി. എ. സി. യുടെ അഭിമുഖ്യത്തിൽ 1937-ലേ മദ്രാസ് ദിവ്യകാരുണ്യകോൺഗ്രസ്സിലേക്കു ഒരു പുണ്യയാത്രാസംഘം രൂപവൽകരിക്കയും, 'കത്തോലിക്കപ്രവത്ത

മേലദ്ധ്യക്ഷന്റെ കൈവെപ്പു വഴിയായി പൗരോഹിത്യത്തിന്റെ ദൈവികപദവിയിലേക്കു് നിങ്ങളെ ഉയർത്തിയതു് പരിശുദ്ധാത്മാവുതന്നെ. ഈ ഭക്തി ആദ്യമായി നിങ്ങൾതന്നെ സമ്പാദിപ്പിൻ. പിന്നീടു നിങ്ങളുടെ ആത്മീയമക്കൾക്കും കൊടുക്കുവിൻ"

നം' എന്ന പുസ്തകം പ്രസിദ്ധീകരിക്കയും, ശ്രുപതയൊട്ടുക്കു് ഒരു പ്രസിദ്ധീകരണവാരം കൊണ്ടാടുകയും ചെയ്തുണ്ടായി.

അടുത്തതായി മി. വി. സി. ജോർജ്ജ് ബി. ഏ എൽ. റ്റി. കത്തോലിക്കാപ്രവർത്തനത്തെപ്പറ്റി ഉൽബോധജനകമായ ഒരു പ്രസംഗം ചെയ്തു. കത്തോലിക്കപ്രവർത്തനമെന്നതു പ്രഥമവും പ്രധാനവുമായി കത്തോലിക്കജീവിതമാണെന്നും തജ്ജന്യമായി ഉൽഭൂതമാകുന്ന പ്രേഷകിരണങ്ങൾഇതരന്മാരിലും വ്യാപിപ്പിക്കുന്നതിലാണ് കത്തോലിക്കപ്രവർത്തനം അടങ്ങിയിരിക്കുന്നതെന്നും പ്രഭാഷകൻ സമർത്ഥിക്കയുണ്ടായി.

അനന്തരം ജനറൽകൗൺസിലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച നിബന്ധനകൾ വായിച്ചു് ഏതാനും ഭേദഗതികളോടുകൂടി പാസാക്കി. നിയമാവലിയെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തുവെന്നുള്ളതു പ്രത്യേകം പ്രസ്താവാർഹമത്രെ. ഈ വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് യോഗത്തിൽ ഹാജരായി ഒരു മണിക്കൂർനേരം വാദപ്രതിവാദങ്ങൾ ശ്രദ്ധിക്കയും ഒടുവിൽ സി. എ. സി. സംഘങ്ങൾ വഴിയായി ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തണമെന്നു് ഉപദേശിക്കയും എല്ലാവരെയും ആശീർവദിക്കയും ചെയ്തു.

തുടർന്നു പ്രാദേശികസമിതികളുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള നിയമങ്ങൾ നിർമ്മിക്കുന്നതിനു ജനറൽകൗൺസിലിനെ അധികാരപ്പെടുത്തുന്നതായും ചങ്ങനാശേരി തത്വസമിതിവക ലഘുപത്രികകൾ സി. എ. സി. സംഘങ്ങൾവഴിയായി ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കണമെന്നു ശുപാർശ ചെയ്യുന്നതായുമുള്ള പ്രമേയങ്ങൾ പാസാക്കി. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗം, സെക്രട്ടറിയുടെ കൃതജ്ഞതാപ്രകടനം ഇവകഴിഞ്ഞു രാത്രി 8 മണിയോടുകൂടി സമ്മേളനം പര്യവസാനിച്ചു. പിന്നീടു പ്രതിനിധികളെല്ലാം ക്രിസ്തുരാജപ്രതിമയുടെ മുൻപിൽചെന്നു പ്രതിഷ്ഠാജപം ചൊല്ലിയതോടുകൂടി ചടങ്ങുകൾ ഉപസംഹരിച്ചു. പ്രതിനിധികൾക്കു മെത്രാനച്ചന്തിരുമേനിയുടെ വകയായി ഒരു ചായസൽക്കാരവും നടത്തപ്പെട്ടുവെന്നതും പ്രസ്താവാർഹമത്രെ.

പരസ്യം

അരുളിക്കാ, കാസാ, കുന്തോദി, മുതലായവ വിലയ്ക്കുവില്ക്കപ്പെടുന്നു. ഇവയെ ഇംഗ്ലീഷ് ബാററിയുടെ സഹായത്താൽ സ്വർണ്ണത്തിലും വെള്ളിയിലും പൂശിക്കൊടുക്കുന്നതിനും പുതിയ മുത്തുകടകം വിലയ്ക്കുകൊടുക്കുന്നതിനും എപ്പോഴും തയ്യാറുണ്ട്.

പി. ഏ. വാവുണ്ണി, അങ്ങാടി, പലാ.

വേദപ്രചാരപൊന്തിഫിക്കൽ സംഘം.

(ഫാ. സെബാസ്റ്റ്യൻ ചെറുശ്ശേരി)

1 വേദപ്രചാരസംഘം എന്നാൽ എന്തു്?

ലോകമൊട്ടുക്കുള്ള മിഷ്യനറിമാരെ സഹായിക്കുന്നതിനു് കത്തോലിക്കാ സഭയിലുള്ള ഒരു പ്രധാനസംഘമാണു് അതു്.

2 ഈ സംഘം എന്നാണു് സ്ഥാപിതമായതു്?

പ്രാൻസിൽ ലയോൺസു് എന്നസ്ഥലത്തു് പൗളിൻജാറിക്കോട്ടു് എന്ന ഒരു യുവതിയാൽ 1818-ൽ സ്വകായ്യനിലയിൽ ആരംഭിച്ച ഒരു പ്രസ്ഥാനമാണു് ഇതു്. വേദപ്രചാരരംഗങ്ങളെ തങ്ങളുടെ പ്രാർത്ഥനകൊണ്ടും അല്പം പണമായ സംഭാവനകൊണ്ടും ആഴ്ചതോറും ക്രമമായി സഹായിക്കണമെന്നു് ആഗ്രഹിച്ച കുറേസ്സഹിതകളെ പൗളിൻ ജാറിക്കോട്ടു് വിളിച്ചുകൂട്ടി ഒരു ചെറിയസംഘം രൂപീകരിച്ചു. 1822-ൽ അവൾ ആ സംഘത്തിന്റെ ഭരണം ഒരു കമ്മറിയെ ഏല്പിച്ചു. ആ കമ്മറി അതിനുവേണ്ട നിയമങ്ങൾ നിർമ്മിക്കയും ചെയ്തു. അന്നുമുതൽ അതു് പ്രവൃത്തിമാകാൻതുടങ്ങി.

3 അതു് ഒരു പൊന്തിഫിക്കൽ സംഘം ആക്കിയതിന്റെ ഫലമെന്തു്?

അതു് പാപ്പായുടെ പ്രത്യേകസംരക്ഷണയിലും നിയന്ത്രണത്തിലും ആയിത്തീർന്നു. മിഷ്യൻരംഗങ്ങളെ സഹായിക്കുന്നതിനുള്ള പാപ്പായുടെ ഔദ്യോഗിക സംഘമായി, റോമാകേന്ദ്രമാക്കിക്കൊണ്ടു്, അതു് പുനഃസംഘടിപ്പിക്കപ്പെട്ടു

4 പാപ്പായുടെ ഈ പ്രവൃത്തിക്കു് മറ്റുവല്ല ഫലവുമുണ്ടോ?

ഉണ്ടു്. വേ. പ്ര. സംഘത്തിന്റെ അഭൂർത്തനായ്ക്കു് അതു് പ്രാധാന്യം കല്പിച്ചു എല്ലാകത്തോലിക്കരും ഈ സംഘത്തിന്റെ അംഗമായിരിക്കണമെന്നു് പരിശുദ്ധസിംഹാസനം ആഗ്രഹിക്കുന്നു. ഇങ്ങനെ മതപ്രചരണത്തിൽ ഓരോരുത്തനുമുള്ളകടമയെ നിർവഹിക്കുവാൻ അല്പമായിട്ടെങ്കിലും അവനുസാധിക്കുന്നു.

5 വേ. പ്ര. സംഘത്തിന്റെ ഇൻഡ്യയിലുള്ള കേന്ദ്രങ്ങൾ എവിടെയെല്ലാമാണു്?

പ്രധാനകേന്ദ്രം ബാംഗ്ലൂർ മെത്രാന്റെ അരമനയിലാണു്. റവ. പി. ജാഖോമർട്ടു് എന്നദേഹമാണു് ദേശീയഡയറക്ടർ.

ഓരോ രൂപതയിലും പ്രത്യേകംപ്രത്യേകം ഡയറക്ടർമാരുമുണ്ടു്.

6 വേ. പ്ര. സംഘം എങ്ങനെയാണു് മിഷ്യൻരംഗങ്ങളെ സഹായിക്കുന്നതു്?

അതു് മിഷ്യനുവേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥനകളെ സംഘടിക്കുന്നു. മിഷ്യനറിമാരുടെ ഭൗതികാവശ്യങ്ങൾക്കായി അംഗങ്ങൾചെയ്യുന്ന സാഭാവനകൾശേഖരിക്കുന്നു.

7 അംഗമാകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം?

ക മിഷ്യനുവേണ്ടിയുള്ളപ്രാർത്ഥന. — അനുദിനം ചൊല്ലേണ്ടതു്.

1 ആ. 1 നന്മ. വി. ശൗദ്ധാരെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഖ മിഷ്യനുവേണ്ടിയുള്ള സംഭാവനകൾ — 1 ചെമ്പെങ്കിലും മുടങ്ങാതുള്ള സംഭാവനകൾ.

8 സാധാരണയുള്ള സംഭാവനകൾ എന്തു്?

ഓരോ അംഗവും ആണ്ടിൽ ഒന്നര രൂപയോ, പ്രതിമാസം ൨ അണയോ കൊടുക്കണം.

9 ഈ സംഭാവനകൾ എങ്ങനെ രേഖപ്പെടുത്തും ?

അംഗങ്ങൾ ഒരു പ്രോത്സാഹകന്റെ കീഴിൽ ഓരോ ഗ്രൂപ്പുകളായി തിരിയണം. പ്രോത്സാഹകൻ തന്റെ കീഴുള്ള അംഗങ്ങളുടെ സംഭാവനകൾ ആഴ്ചതോറുമോ, മാസംതോറുമോ, ആണ്ടുതോറുമോ, അല്ലെങ്കിൽ അണ്ടിൽ രണ്ട്, മൂന്നാവൃത്തികളിലായോ വാങ്ങണം. അതു് അയാൾ സ്ഥലത്തുള്ള ഡയക്ടരെ, (വികാരിയേയോ, മാനേജരെയോ) ഏൽപിക്കണം. ഓരോ ഗ്രൂപ്പും "Catholic mission" എന്ന മാസിക വരുത്തുകയും ചെയ്യണം.

10 പ്രോത്സാഹകനാക്കായി പിരിച്ചെടുക്കാനുള്ള കാർഡു് എന്നാണു് വേണ്ടതു് ?

ഉണ്ടു്. ഒരു ദ്യംഗികമായ ഒരു കാർഡു് ഉണ്ടു്. അതിൽ സ്ഥലത്തെ ഡയറക്ടരുടെ ഒപ്പുണ്ടായിരിക്കണം.

11. മറ്റേതെങ്കിലും വിധത്തിലുള്ള അംഗത്വമുണ്ടോ ?

ഉണ്ടു് (1) അസാധാരണ അംഗങ്ങൾ (2) ആജീവനാന്ത അംഗങ്ങൾ.

അസാധാരണ അംഗങ്ങൾ പ്രതിവർഷം 15രൂപാ സംഭാവന ചെയ്യണം. അവർക്കു് "കാത്തലിക്കു് മിഷ്യൻ" എന്ന മാസിക കിട്ടുകയുംചെയ്യും ആജീവനാന്ത അംഗങ്ങൾ 120 രൂപാ കൊടുക്കണം. മരിക്കുന്നതുവരെ "കാത്തലിക്കു് മിഷ്യൻ" എന്ന മാസിക അവർക്കു് ലഭിക്കുകയും ചെയ്യും.

12 മരിച്ചവരെ അംഗങ്ങളായി ചേർക്കാമോ ?

ആവാം. അവരെ സ്നേഹിതന്മാരോ, സംബന്ധികളോ, സാധാരണമോ, അസാധാരണമോ ആജീവനാന്തമോ അംഗങ്ങളായി ചേർക്കാവുന്നതാണു്. അവർക്കു് സാധിക്കുന്നിടത്തോളം അംഗങ്ങൾക്കുള്ള ആദ്ധ്യാത്മികഫലങ്ങൾ പ്രാപിക്കാവുന്നതുമാണു്.

13 വേ. പ്ര. സംഘത്തിന്റെ പണം മിഷ്യൻ എങ്ങനെയാണു് ഉപകരിക്കുന്നതു് ?

മിഷ്യനറിമാരുടെ ഭൗതികാവശ്യങ്ങൾ സാധിച്ചുകൊടുക്കൽ എന്നതു് അതു കാര്യമായി വേ. പ്ര. സംഘം കരുതുന്നില്ല. അതു് പ്രധാനമായി പള്ളികൾ, സ്കൂളുകൾ, ആസ്പത്രികൾ, കുഷ്ഠരോഗി സങ്കേതങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയവ പണികഴിപ്പിക്കുന്നതിലും, ഉപദേശികൾക്കു് ശമ്പളം കൊടുക്കുന്നതിലും പള്ളിയിലെ തിരുപ്പാത്രങ്ങൾ വസ്ത്രങ്ങൾ മുതലായവ വാങ്ങുന്നതിലും, സാധുക്കളായ മിഷ്യനറിമാർക്കു് ഭക്ഷണവും, വസ്ത്രവും, മറ്റാവശ്യങ്ങളും നൽകുന്നതിലും കൂടുതൽ ശ്രദ്ധിക്കുന്നു. ലോകത്തിലേക്കും നിർഭാഗ്യമിഷ്യനെ സഹായിക്കുക എന്നതാണു് അതിന്റെ നയം.

14 വേ. പ്ര. സംഘത്തിൽനിന്നും ഇൻഡ്യയ്ക്കു് സഹായം ലഭിക്കുന്നുണ്ടോ ? ഉണ്ടു്.

വേ. പ്ര. സംഘത്തിനു് പ്രതിവർഷം ലഭിക്കുന്നതിൽനിന്നും പത്തുശതമാനം ഇൻഡ്യയിലുള്ള മിഷ്യനെ സഹായിക്കുന്നതിനാണു് വിനിയോഗിക്കുന്നതു്

15 എനിക്കു് ഇതിനെ എങ്ങനെ സഹായിക്കാൻ സാധിക്കും ?

1 നിങ്ങൾ ഇതിന്റെ ഒരു സാധാരണയോ, അസാധാരണയോ, ആജീവനാന്തമോ അംഗമാകണം

2 വേ. പ്ര. സംഘത്തിനുവേണ്ടി നിങ്ങൾ നിങ്ങളുടെ സ്നേഹിതന്മാരോടു പറക "കാത്തലിക്കു് മിഷ്യൻ" എന്ന മാസിക അവരെ കാണിക്കുക.

3 എല്ലായിലും നല്ലതു് നിങ്ങൾ ഒരു പ്രോത്സാഹകനാകുകയാണു്. പ്രോത്സാഹകന്മാരാണു് സംഘത്തിന്റെ ജീവൻ.

ജപമാലസഖ്യം

ഒക്ടോബർമാസത്തിലെ പൊതുനിയോഗം.

I നിരീശ്വരത്വവും നൂതനകാവ്യമതവും ഭീമമായ നാശംവരുത്തിയിട്ടുള്ള രാജ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

നിരീശ്വരത്വത്തിന്റെയും നൂതനകാവ്യമതത്തിന്റെയും പൈശാചികാക്രമണത്തിനു വിധേയമായി അതിന്റെ ഭയങ്കരഫലങ്ങൾ അനുഭവിക്കുന്ന രാജ്യങ്ങളും റഷ്യാ, മെക്സിക്കൊ, സ്പെയിൻ, ജർമ്മനി മുതലായവയാണ്. പ്രസ്തുത ഭയങ്കരനാശങ്ങളിൽ പ്രധാനമായതു ക്രൈസ്തവവിശ്വാസത്തിനും ക്രിസ്തീയ സന്മാർഗ്ഗത്തിനും ബാധകമായിട്ടുള്ളതും, രണ്ടാമത്തേതു് രാഷ്ട്രങ്ങൾക്കു് ഹാനികരമായിട്ടുള്ളതും ആകുന്നു. ആകയാൽ പ്രസ്തുത രാജ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് പ്രഥമമായി ആത്മികമായ ജീവകാരുണ്യപ്രവൃത്തിയും രണ്ടാമതായി ശാരീരികമായ പരോപകാരപ്രവൃത്തിയും ആണ്. നീതിയുക്തമായ നിയമങ്ങളെയും, മതപരമായ സ്വാതന്ത്ര്യത്തെയും കഠിനമായി നിരോധിക്കുന്ന ശത്രുക്കളിൽ നിന്നുവിമുക്തരായി, പ്രസ്തുത രാജ്യങ്ങളും, യഥാർത്ഥമായ സമാധാനത്തിന്റെയും സൗഭാഗ്യത്തിന്റെയും, ഒരു നവീനയുഗം ആരംഭിക്കുന്നതിനു ഇടയാകുവാൻവേണ്ടി ജപമാലരാജ്ഞിയായ പ. കന്യകയുടെ മാദ്ധ്യസ്ഥ്യത്തിൽ നമുക്കു് അഭയം പ്രാപിക്കാം. അത്യധികമായ വിശ്വാസത്തോടും ശരണത്തോടുംകൂടി പ്രസ്തുത രാജ്യങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിക്കുവേണ്ടി ഈശോയുടെ ദിവ്യഹൃദയത്തോടു ഈ മാസത്തിൽ നമുക്കു പ്രാർത്ഥിക്കാം.

II പത്രങ്ങളും വഴിയായി മിഷ്യനെപ്പറ്റിയുള്ള ജ്ഞാനം കൂടുതലായി പ്രചരിപ്പിക്കപ്പെടുന്നതിനു്.

അയൽക്കാരനെ സ്നേഹിക്കണമെന്നുള്ള കല്പന ദൈവം ഓരോരുത്തർക്കും നൽകിയിട്ടുണ്ട്. ശാരീരികമായോ ആത്മികമായോ നമുക്കു സഹായിക്കാവുന്ന ഏവരും — ശത്രുക്കളും മിത്രങ്ങളും — നമ്മുടെ അയല്ക്കാരാണ്. ലോകത്തിന്റെ ഏതുഭാഗത്തുള്ളവരെയും സഹായിക്കാൻ നമുക്കുസാധിക്കും. അകന്നിരിക്കുന്നവരെ പ്രാർത്ഥനയാലും ദ്രവ്യദാനത്താലും, അടുത്തുള്ളവരെ വൈദികകർമ്മങ്ങളാലും, ഉപദേശങ്ങളാലും, രോഗനിവാരണത്താലും. ഇങ്ങനെ ഇത്തരത്തിലുള്ള ക്രിസ്തീയഉപവി അനുഷ്ഠിക്കുന്നതിനു്, എല്ലായിടത്തുമുള്ളവരുടെ ആവശ്യങ്ങൾ അവർ അറിയുകയും കാണുകയും, സദാ അവരുടെ കൺമുമ്പാകെ ഉണ്ടായിരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു സാധിക്കുന്നതിനു ഇപ്പോഴുള്ള പ്രതിമാസ പ്രസിദ്ധീകരണങ്ങൾ പര്യാപ്തമല്ല. താളശ്ലോകങ്ങളും പടങ്ങളും ശേഖരിക്കുന്നതിനു മിഷ്യനറിമാരും, മിഷ്യനെപ്പറ്റി നല്ലനല്ല ലേഖനങ്ങൾ നൽകുന്നതിനു സമർത്ഥന്മാരായ എഴുത്തുകാരും, ഒരു പ്രസിദ്ധീകരണകേന്ദ്രവും ആവശ്യമാണ്. വിവിധഭാഷകളിൽ, ആദ്യമായൊരിക്കലെങ്കിലും, മിഷ്യൻവാർത്തകൾ ലോകത്തിലെങ്ങും പ്രചരിപ്പിക്കുന്നതിനു ഒരു പ്രസിദ്ധീകരണവും അത്യാവശ്യമാണ്.

അരമനവാർത്തകൾ

തിരുഹൃദയപ്രതിഷ്ഠാഭക്തിയുടെ അപ്പസ്തോലനും, ഒരു സുപ്രസിദ്ധ ധ്യാനഗുരുവുമായ റവ. ഫാദർ മത്തേയൊ ക്രൗളി, S S., C. C., അവർകൾ ആഗസ്റ്റ് 28-ാംനു- തിങ്കളാഴ്ച അരമനയിലെത്തുകയും, സെപ്തംബർ 3-ാംനു വരെ മെത്രാനച്ചൻതിരുമനസ്സിലെ അതിഥിയായി താമസിക്കുകയുംചെയ്തു. ആഗസ്റ്റ് 28-ാംനു- മുതൽ സെപ്തംബർ 2-ാംനു-വരെ സ്ഥലം എസ്സ്. ബി. കോളജിൽവച്ചു ശ്രുപതയിലെ ബ. വൈദികന്മാരെ ഉദ്ദേശിച്ചു് അദ്ദേഹം നടത്തിയ ഏകാന്തധ്യാനത്തിൽ 120 വൈദികന്മാരും, വന്ദ്യമെത്രാനച്ചൻതിരുമേനിയും സംബന്ധിക്കുകയുണ്ടായി. സെപ്തംബർ 3-ാംനു-കാലത്തു പത്തുമണിക്കു് കോളജിൽവച്ചു പൊതുജനങ്ങളെ ഉദ്ദേശിച്ചു് അത്മായപ്രേഷിതത്വത്തെപ്പറ്റി ഫാദർ മത്തേയൊ ഒരു പ്രസംഗം നടത്തി. പ്രസ്തുത പ്രസംഗത്തിൽ, താൻ ആരംഭിച്ചുപ്രചരിപ്പിച്ചുവരുന്ന ഒരുമണിക്കൂർ നിശാരാധന ശ്രുപതയിലേ എല്ലാ കത്തോലിക്കാകുടുംബങ്ങളിലും പ്രചരിച്ചുകാണണമെന്നുള്ള ആഗ്രഹത്തെയും പ്രസംഗകൻ പ്രകടിപ്പിക്കാതിരുന്നില്ല.

ആഗസ്റ്റ് 28-ാംനു- വിജയപുരം മെത്രാനച്ചൻതിരുമനസ്സുകൊണ്ടും സെപ്തംബർ 3-ാംനു- കോട്ടയംമെത്രാനച്ചൻ തിരുമനസ്സുകൊണ്ടും സ്ഥലത്തെത്തി വന്ദ്യപിതാവിനെ സന്ദർശിച്ചു.

സെപ്തംബർ 17-ാംനു- കോളജിൽവച്ചു് മി. ടി ജെ, മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ ശ്രുപതയിലെ കത്തോലിക്കാപ്രവർത്തനസംഘപ്രതിനിധികളുടെ വാർഷികയോഗം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ മെത്രാനച്ചൻതിരുമേനിയും സംബന്ധിക്കുകയും പരോപകാരപരമായ പ്രവൃത്തികൾക്കു കൂ. പ്രവർത്തനത്തിലുള്ള സ്ഥാനത്തെപ്പറ്റിയോഗത്തെ ഉൽബോധിപ്പിക്കയും ചെയ്തുയുണ്ടായി.

CASUS THEOLOGIAE MORALIS, N. 24,
Mense Octobris Resolvendus.

Titius, mercator, monetas falsas, sive metallicas sive cartaceas, quas illi nec opinanti pluries intruserunt, aliis vicissim et ipse intrudere curavit; nec reclamantibus postquam cum eis recesserant, unquam eas mutare voluit, quia vel dubitabat an revera eas ipse dedisset, vel quamvis esse a se datas sciret, non esse a se confectas dicebat, et sicut mihi eas alii dant in pretium rerum, ego et eas aliis dare possum ne damnum sine culpa mea sustinere cogar, dictitabat.
Quaer. 1. An Titius ad restitutionem teneatur?
2. Cui restituere debet?
3. Quid si bona fide accepisset et dedisset?

പുസ്തകാഭിപ്രായം

1. പാഠപദ്ധതിയുടെ പുറമെയുള്ള പ്രവർത്തനങ്ങൾ (വില 8 ണ.)

ഗ്രന്ഥകർത്താ മി. ഒ. ജെ കുരുവിള, ട്രയിനിംഗ് സ്കൂൾ, പാലാ.

വിദ്യാഭ്യാസംകൊണ്ട് ഉദ്ദിഷ്ടമായിരിക്കുന്ന പ്രധാനഫലം വിദ്യാർത്ഥികളുടെ സൽസ്വഭാവരൂപവൽകരണമാണല്ലൊ ഈ ഫലം പുറപ്പെടുവിക്കുന്നതിനു സ്കൂളുകളിലെ പാഠപദ്ധതി അനുസരിച്ചുള്ള അദ്ധ്യാപനം മാത്രം മതിയാകുന്നതല്ല. ജീവിതവിജയത്തിന് അനുപേക്ഷണീയമായ പ്രായോഗികജ്ഞാനവും, പരിശ്രമശീലവും, ബുദ്ധിവികാസവും സിദ്ധിക്കുന്നതിനു പാഠപദ്ധതിക്കു പുറമെയുള്ള പ്രവർത്തനങ്ങളാണ് കൂടുതൽ പ്രയോജനകരമായിരിക്കുക. ഇന്നാട്ടിൽ പ്രവൃത്തിയിൽ വരുത്താനൊളുപ്പമുള്ള വിദ്യാർത്ഥിസമാജങ്ങൾ, വിനോദയാത്രകൾ, വിദ്യാലയോദ്യാനം ആദിയായ ഏറെ പാഠ്യേതരവിഷയങ്ങളെ പരാമർശിച്ചു ലളിതവും മധുരവുമായ ഭാഷയിൽ മി. ഒ. ജെ. കുരുവിള എഴുതിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. ഗ്രന്ഥകാരനെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിനു പ്രചാരം ആശംസിക്കുകയും ചെയ്യുന്നു. തൃക്കൊടിത്താനം സെൽഫ് ജോസഫ്സ് ബുക്ക്ഡിപ്പോയിൽനിന്ന് ഈ പുസ്തകം ലഭിക്കുന്നതാണ്.

'വാർദ്ധാവിദ്യാഭ്യാസപദ്ധതി' എന്ന പുസ്തകം നന്ദിപൂർവ്വം കൈപ്പറ്റി.

ചരമവാർത്തകൾ

മുത്തോലപുരംപള്ളി ഇടവക നാടിക്കുന്നേൽ ആഗസ്തി അന്നാതന്റെ 42-ാമത്തെ വയസ്സിലും

കുറവിലങ്ങാട്ടു ഫൊറോനാപ്പള്ളി ഇടവക തെക്കുങ്കൽ ഔസേപ്പ് ഔസേപ്പ് ആഗസ്റ്റ് 12-ാംതു- 85-ാമത്തെ വയസ്സിലും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു നമ്മുടെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

പരസ്യം.

പള്ളികൾക്കാവശ്യമുള്ള ശുദ്ധമായ തേൻമെഴുക്, മെഴുകുതിരി, പതച്ച മെഴുക്, കുന്തിരിക്കം, വെടിയുപ്പ്, ഗന്ധകം മുതലായവയും ഇരുമ്പുകടസാധാരണമായ മറ്റെല്ലാ സാമാനങ്ങളും ഏറ്റവും മിതമായ വിലയ്ക്കു വിൽക്കുവാൻ തയ്യാർ.

അഡ്വാൻസ് അയച്ചുതരുന്നപക്ഷം ദൂരസ്ഥിതരായ പള്ളിക്കാർക്ക് ആവശ്യമുള്ള സാമാനങ്ങൾ ഓർഡറനുസരിച്ച് എത്തിച്ചുകൊടുക്കുന്നതിനും തയ്യാറുണ്ട്

എന്ന് അതിരമ്പുഴ തെക്കേടത്തു് ദേവസ്യാ മത്തായി,
ഇരുമ്പുകട-ചന്ത ചങ്ങനാശേരി

Licence No. 183 Reg. No. T. 21

പഞ്ചാംഗം

ഒക്ടോബർ ൧൯൩൯. കന്നി—തുലാം ൧൧൧൫.

എ. ഭാ. ക. മറിയത്തിന്റെ കൊന്തനമസ്ക്കാരത്തിന്റെയും
മാലാഖാമാരുടേയും മാസം.

1	൧൫	ഞാ ✠	പന്ത. ൧വ—ാം ഞാ. ഹ. ൪. ഹ. പ
		☞ അടുത്തത് ആദ്യവെള്ളി.	
2	൧൬	തി	കാവൽ മാലാഖ വെ
3	൧൭	ചൊ	ക. കൊച്ചുത്രേസ്യാ വെ
4	൧൮	ബു	മൌ. ഫ്രാൻസിസ് ക്കോസ് വെ
5	൧൯	വ്യാ	വേ. പ്ലാസ്സിഡോസും കൂട്ട. ചു
6	൧൦	വെ	മൌ. ബ്രൂനോൻ വെ
7	൧൧	ശ	പാ. മൌ. മർക്കോസ് വെ
8	൧൨	ഞാ ✠	പന്ത. ൧ൻ—ാം ഞാ. ക. 6 ക. പ.
9	൧൩	തി	വേ. ഭയോനസ്സിയോസ്സും കൂട്ട. ചു
10	൧൪	ചൊ	മൌ. ഫ്രാൻസിസ് ക്കസ് ബോർജിയാ വെ
11	൧൫	ബു	വേ. മക്കോസും മർസ്സലി. (ജൂൻ ൧൬) ചു
12	൧൬	വ്യാ	ആ. ഗ്വിയേൽമൂസ് (ജൂൻ ൧൪) വെ
13	൧൭	വെ	മൌ. എദ്വാർദോസ് വെ
14	൧൮	ശ	പാ. വേ. കലിസ്തോസ് ചു
15	൧൯	ഞാ ✠	പന്ത. ൧൦—ാം ഞാ. ഹ. 7. മെ. പ
16	൧൦	തി	എ. ഭാ. ക. മറി. മേസൽ (ജൂലൈ 2) വെ
17	൧൧	ചൊ	ക. മഗ്ദലീത്താ മറിയം
18	൧൨	ബു	ലൂക്കാ ചു
19	൧൩	വ്യാ	മൌ. പാത്രോസ് അൽക്കാന്ത്രാ വെ
20	൧൪	വെ	മൌ. യോഹന്നാൻ കാന്തിസ് വെ
21	൧൫	ശ	ഹിലാരിയോ വെ
22	൧൬	ഞാ ✠	പന്ത. ൧൭—ാം ഞാ. ക. 1. ഹ പ
		☞ വേദപ്രചാരം.	
23	൧൭	തി	ഭാഗ്യരക്ഷകൻ വെ
24	൧൮	ചൊ	റപ്പായേൽ മാ. വെ
25	൧൯	ബു	വേ. ക്രൂസാന്തോസും ഭാര്യായും ചു
26	൧൦	വ്യാ	പാ. വേ. എവരിസ്തൂസ് ചു
27	൧൧	വെ	ശ്ലീ. ശെമഓൻ യൂദാ തദേവൻ റോ
28	൧൨	ശ	ശ്ലീ. ശെമഓനും യൂദായും ചു
29	൧൩	ഞാ ✠	പന്ത. ൧൮—ാം ഞാ. ഹ. 3. ഹ നാ. ക. രാജത്വം പ
			അടുത്ത ചൊവ്വാ (ഇ. വി.) ബുധൻ കടം. അടുത്തത് ആദ്യവെള്ളി
30	൧൪	തി	അ. മൌ. മത്ത്യാലിസ് (ജൂലൈ 3) വെ
31	൧൫	ചൊ	സകല ശു. തദേവൻ (ഇ. വി.) റോ

Printed & Published by Rev. Fr. Mathew Alakalam,
at the S. J. O. Press, Changanacherry.